# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026

## സെന്റ് അഗസ്റ്റ്യൻസ്  എച്ച്.എസ്.എസ്.

### കല്ലൂർക്കാട്

# ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയത്തെക്കുറിച്ച്
3. ചരിത്രം
4. പൊതുലക്ഷ്യങ്ങൾ
5. വിദ്യാലയത്തിന്റെ ലക്ഷ്യങ്ങൾ

6 നിലവിലെ അവസ്ഥാ വിശകലനം

7 ഐ.ടി.അധിഷ്ഠിത പഠനം

8 മറ്റ് മേഖലകൾ

9 പാഠ്യേതര പ്രവർത്തനങ്ങൾ

10 പഠനബോധന പ്രക്രിയ

11 അധ്യാപകരുടെ ചുമതലാവിഭജനം

12 പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരമാർഗ്ഗങ്ങൾ

13 എസ്.എസ്.എൽ.സി

14 മലയാളം

15 ഇംഗ്ലീഷ്

16 ഹിന്ദി

17 സംസ്കൃതം

18 ഗണിതം

19 ശാസ്ത്രം

20 സാമൂഹ്യശാസ്ത്രം

21 ആരോഗ്യകായിക വിദ്യാഭ്യാസം

22 പ്രവൃത്തി പരിചയപഠനം

23 കലാവിദ്യാഭ്യാസം

24 ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രവർത്തന
ങ്ങൾ

25 ഗൈഡൻസ് & കൗൺസലിംഗ്

26 പ്രോജക്ട് 2022 – 2027

27 ഉപസംഹാരം

# ആമുഖം

നവകേരള മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, സ്കൂളുകളെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെ കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. കുട്ടികളുടെ കഴിവുകളെ അടിസ്ഥാനമാക്കി പഠനരീതി പരിഷ്കരിക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയാണിത്. 2017 ജനുവരി 27 നാണ് പദ്ധതി തുടക്കം കുറിച്ചത്. ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടി കൾക്കും ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി അന്തർ ദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനുള്ള സംവിധാനം വരുന്ന അഞ്ച് വർഷങ്ങൾക്കുള്ളിൽ പൊതുവിദ്യാലയങ്ങളിൽ ഉറപ്പുവരുത്തുക എന്ന താണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം തദ്ദേശ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, പി.ടി.എ.കൾ, പ്രവാസികൾ, സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകൾ എന്നിവയൊക്കെ സമന്വയിപ്പിച്ച് വിദ്യാഭ്യാസ നീവകരണ പ്രവർത്തനങ്ങൾക്ക് അധി കമൂലധനം സമാഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുക പൊതുവിദ്യാ ഭ്യാസ സംരക്ഷണയജ്ഞം ദൗത്യം :

''പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക''

# വിദ്യാലയത്തെക്കുറിച്ച്.........

കല്ലൂർക്കാടിന്റെ മണ്ണിൽ അക്ഷമജ്യോതിസ്സായി വിളങ്ങിനിൽക്കുന്ന കലാക്ഷേ ത്രമായ സെന്റ് അഗസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂൾ 1906 മുതൽ അനേകായിര ങ്ങൾക്ക് അറിവിന്റെ ഉൾക്കാഴ്ച പകർന്നുനൽകിക്കൊണ്ട് അതിന്റെ ജൈത്രയാത്ര തുടരുന്നു. അനുഭവങ്ങൾകൊണ്ട് അറിവ് നേടുക എന്ന് ഉദ്ബോധിപ്പിച്ച വിശുദ്ധ അഗസ്തീനോസിന്റെ നാമധേയത്താൽ അനുഗ്രഹീതമായ ഈ കലാലയം ധാരാളം മഹാരഥന്മാരെ സമൂഹത്തിന് സമ്മാനിക്കുകയും അവർ വിവിധ തലങ്ങളിൽ പരി ശോധിക്കുകയും ചെയ്യുന്നു.

### ചരിത്രം

കോതമംഗലം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മികച്ച വിദ്യാലയങ്ങ ളിലൊന്നായ സെന്റ് അഗസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂൾ 1957 ൽ സ്ഥാപിതമാ യി. 1906 ൽ ഒരു പ്രൈമറി സ്കൂളായി ആരംഭം കുറിച്ചു. തുടർന്ന് മോൺ തോമസ് നെടുങ്കല്ലേൽ അച്ചന്റെ പരിശ്രമം സ്കൂളിനെ വളർച്ചയിലേക്ക് നയിച്ചു. 1915 ൽ സ്കൂളിനെ അപ്പർ പ്രൈമറിയായി ഉയർത്തുമ്പോൾ റവ.ഫാ.യാക്കോബ് ഓണാട്ടായി രുന്നു ഇടവക വികാരി. ബഹുമാനപ്പെട്ട കാക്കനാട്ടച്ചന്റെയും ശ്രീ. പി.വേലായു

ധൻനായർ സാറിന്റെയും കൂട്ടായ പ്രവർത്തനം വഴിയാണ് 1957 ജൂൺ 3-ാം തീയതി സ്കൂളിനെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കി മാറ്റിയത്. റവ.ഫാ.ചെറിയാൻ വേരനാനിയായിരുന്നു ഹൈസ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ. സ്കൂളിന് ഒരു ഗ്രൗണ്ട് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടത് 1987 ൽ ഫാ.ജോസഫ് മുണ്ടയ്ക്കൽ വികാരിയും ശ്രീ.പി.എ.ജോസഫ് ഹെഡ്മാസ്റ്ററുമായിരിക്കുമ്പോഴായിരുന്നു.

ഇതുവരെ ഇവിടെ സേവനമനുഷ്ഠിച്ച പ്രധാനാദ്ധ്യാപകരും, അധ്യാപകരും, അനധ്യാപകരും അവരുടേതായ കർത്തവ്യ നിർവഹണത്തിൽ വിസ്മരിക്കാനാവാത്ത പങ്ക് വഹിച്ചുവെന്നത് പ്രത്യേകം സ്മരണാർഹമാണ്. നൂറ് വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച എൽപി.സ്കൂൾ, യു.പി., എച്ച്.എസ്. പടവുകൾ കയറി 1998 ൽ ഹയർ സെക്കണ്ടറി തലത്തിലെത്തി.

സ്കൂളിന്റെ ഇപ്പോഴത്തെ മാനേജരായ റവ.ഡോ.സ്റ്റാൻലി കുന്നേലിന്റെയും ഹെഡ്മിസ്ട്രസ് ശ്രീമതി.ഷീബ മാത്യുവിന്റെയും 17 അധ്യാപകരുടേയും 4 അനധ്യാപകരുടേയും അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനം ഈ സ്കൂളിനെ പുരോഗതിയിലേക്കു നയിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ്. നമ്മുടെ വിദ്യാലയത്തെ പൊതു സമൂഹത്തിന്റെ പങ്കാളിത്തത്തോടെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാനും, വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- കുട്ടികൾ ആർജ്ജിച്ച കഴിവുകളെ പൊതുസമൂഹത്തെയും രക്ഷകർത്താക്കളെയും അറിയിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുക.

## വിദ്യാലയത്തിന്റെ ലക്ഷ്യങ്ങൾ

- മൂല്യാധിഷ്ഠിതമായ പഠന പരിശീലന പ്രക്രിയയിലൂടെ ഭൂമിയിൽ പ്രകാശം പരത്തുന്ന തലമുറയാക്കി വിദ്യാർത്ഥികളെ രൂപപ്പെടുത്തുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം.
- എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
- പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- USS, NMMS, NTSE സ്കോളർഷിപ്പുകൾക്ക് പരിശീലനം നൽകി കൂടുതൽ കുട്ടികളെ സ്കോളർഷിപ്പിന് അർഹരാക്കുക. 10-ാം ക്ലാസിൽ ഫുൾ എ പ്ലസ്കളുടെ എണ്ണം കൂട്ടുക.
- പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- രക്ഷിതാക്കളുടെ നിരന്തര പുന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

- ശാസ്ത്രമേളകളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക.
- ലൈബ്രറി വികസനം സാധ്യമാക്കുക. അക്കാദമികമായ ഉണർവ് ജനിപ്പിക്കുന്നതിൽ എല്ലാ അധ്യാപകരും നൂതനമായ ആശയങ്ങൾ ആവിഷ്ക്കരിക്കുക.
- കുട്ടികളിൽ പരസ്പരാശ്രയത്വത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.
- പഠനശേഷികളും പഠനമനോഭാവങ്ങളും വളർത്തുക.
- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
- കുട്ടികളുടെ സർഗ്ഗ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക.

## നിലവിലെ അവസ്ഥാ വിശകലനം

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള നിരവധി കുട്ടികൾക്ക് അക്ഷരദീപം പകർന്നുകൊടുത്തുകൊണ്ടിരിക്കുന്ന ഈ വിദ്യാലയം നാടിനൊരു തിലകക്കുറിയായി പ്രശോഭിക്കുന്നു.

- വളരെ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന പി.ടി.എ.യും നമുക്കുണ്ട്. സേവനസന്നദ്ധരായ അധ്യാപകരും, പി.ടി.എ.കമ്മിറ്റി അംഗങ്ങളുംകല്ലൂർക്കാട് പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകളും അഭ്യുദയകാംഷികളായ നാട്ടുകാരും ഈ സ്ഥാപനത്തിന്റെ ഉയർച്ചയ്ക്കായി പ്രയത്നിക്കുന്നു.
- പഠനപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ പ്രാവീണ്യം നേടേണ്ടതുണ്ട്. ഇതിന് ക്ലബ്ബുകളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. വിദ്യാരംഗം കലാസാഹിത്യവേദി, ഗണിതക്ലബ്, ശാസ്ത്ര സാമൂഹ്യശാസ്ത്ര ക്ലബ്ബുകൾ, ഇംഗ്ലീഷ് ക്ലബ്ബ്, ഹിന്ദി ക്ലബ്ബ്, ജി.കെ.ക്ലബ്ബ്, പരിസ്ഥിതി ക്ലബ്, ഹെൽത്ത് ക്ളബ്ബ്, മ്യൂസിക് ക്ലബ്ബ് എന്നിവ സ്കൂളിൽ പ്രവർത്തിക്കുന്നു.
- അധ്യാപകർക്ക് നൽകി വരുന്ന പരിശീലന പരിപാടിയിൽ മുഴുവൻ അധ്യാപകരം പങ്കെടുക്കുന്നുണ്ട്. കേവലം ക്ലാസ്മുറികളിൽ മാത്രം ഒതുങ്ങാതെ സമൂഹത്തിലേക്കിറങ്ങിയുള്ള പഠന പ്രവർത്തനങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാൻ കഴിയുന്നുണ്ട്.

ഇപ്പോൾ റവ.ഡോ.സ്റ്റാൻലി കുന്നേൽ മാനേജരായും ശ്രീമതി ഷീബ മാത്യു ഹെഡ്മിസ്ട്രസ്സായും സേവനം അനുഷ്ഠിക്കുന്നു. യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി 17 അധ്യാപകരും 4 അനധ്യാപകരും സേവനം ചെയ്യുന്നു.

- ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ എല്ലാ ക്ലാസ്സുകളിൽ പുരവർത്തിക്കുന്നുണ്ട്.

5 മതുൽ 10 വരെയുള്ള 11 ഡിവിഷനുകളിൽ 158 ആൺകുട്ടികളും 151 പെൺകുട്ടികളും ഉൾപ്പെടെ 309 കുട്ടികൾ ഈ വിദ്യാലയത്തിൽ 2025-26 അധ്യയനവർഷം പഠിക്കുന്നു. യു.പി.തലത്തിൽ 6 ക്ലാസ്മുറികളും ഹൈസ്കൂൾ തലത്തിൽ 7 ക്ലാസ് മുറികളും നിലവിലുണ്ട്. അതുപോലെ തന്നെ ലൈബ്രറി ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് റൂം എന്നിവയും ഉണ്ട്.

അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ഈ വർഷം മുതൽ കുട്ടികൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി വളരെ കാര്യക്ഷമമായി നടന്നുവരുന്നു.

- പ്രധാനപ്പെട്ട ദിനാചരണങ്ങളെല്ലാം അതിവിപുലമായ രീതിയിൽ നടത്തിവരുന്നു. ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ മത്സരങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.
- വ്യക്തിശുചിത്വവും പരിസര ശുചിത്വവും പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്യുന്നു.

നല്ല ക്ലാസ്മുറികളുടെ എണ്ണത്തിലുള്ള കുറവ്, ഓഡിറ്റോറിയത്തിന്റെ അപര്യാപ്തത, യു.പി, എച്ച്.എസ്.ക്ലാസ്സുകൾക്കായി പ്രത്യേകം കമ്പ്യൂട്ടർ ലാബ്, മെച്ചപ്പെട്ട ഭൗതീകസാഹചര്യങ്ങളുടെ അഭാവം തുടങ്ങിയവയെല്ലാം അക്കാദമിക മേഖലയെ പൂർണ്ണതയിൽ എത്തിക്കുവാൻ പര്യാപ്തമാകുന്നില്ല. പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ വിശദമായ ആസൂത്രണവും അവലോകനങ്ങളും വിലയിരുത്തലുകളും എസ്.ആർ.ജി.യിൽ കൃത്യമായി നടത്തുന്നു. ഓരോ അധ്യാപകർക്കുമുള്ള സവിശേഷ കഴിവുകൾക്കനുസരിച്ച രീതിയിൽചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. വിവിധ മേളകളിലും മറ്റ് മത്സരങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.  രക്ഷിതാക്കളുമായി ബന്ധം പുലർത്തുന്നതും ക്ലാസ് പി.ടി.എ.കളിൽ നടക്കുന്ന സജീവമായ ചർച്ചകളും അക്കാദമിക പ്രവർത്തനങ്ങൾക്ക് മേന്മയേകാൻ സഹായികമാകുന്നു. കുട്ടികളുടെ - പാഠ്യവും പാഠ്യേതരവും

മാനസികവുമായ വളർച്ചയ്ക്കുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾആസൂത്രണം ചെയ്തു നടപ്പിലാക്കാൻ എല്ലാവരും അക്ഷീണം പ്രയത്നിക്കുന്നു.

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ അധ്യയനമാണ് ഇവിടെ നടക്കുന്നത്.

1. കുട്ടികളുടെ എണ്ണം

2025 - 26 : 309

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 5 | 9 | 9 | 18 |
| 6 | 20 | 20 | 40 |
| 7 | 20 | 20 | 40 |
| 8 | 39 | 33 | 72 |
| 9 | 40 | 37 | 77 |
| 10 | 30 | 32 | 62 |

2. അധ്യാപക അനധ്യാപകരുടെ എണ്ണം

| വിഭാഗം | അധ്യാപകരുടെ എണ്ണം |
|---|---|
| യു.പി. | 7 |
| എച്ച്.എസ്. | 10 |
| അനധ്യാപകരുടെ എണ്ണം | 4 |

**3. കെട്ടിടങ്ങൾ**

ആകെ 2 കെട്ടിടങ്ങളാണ് ഉള്ളത്. ഇതിലെ രണ്ടുനില കെട്ടിടത്തിന്റെ മുകളിലെ നിലയിലാണ് യു.പി.സ്കൂൾ പ്രവർത്തിക്കുന്നത്. ഇത് ഓടിട്ട കെട്ടിടമാണ്. ഹൈസ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടം പുതുതായി നിർമ്മിച്ചതാണ്.

**4. മറ്റ് മേഖലകൾ**

- കലാ, കായികം, പ്രവൃത്തി പരിചയം എന്നിവയ്ക്ക് പരിശീലനം നൽകുന്നുണ്ട്. ഇവയ്ക്കാവശ്യമായ സൗകര്യങ്ങളുള്ള മുറികൾ നമുക്കില്ല.
- മുഴുവൻ സമയ ലൈബ്രേറിയൻ സ്കൂളിനില്ല. ഒരു അധ്യാപകന് അധികചുമതല നൽകിയാണ് ലൈബ്രറി പ്രവർത്തിക്കുന്നത. ആകെ 9710 പുസ്തകങ്ങൾ ലൈബ്രറിയിലുണ്ട്.
- സ്കൂളിൽ ലാബ് പ്രവർത്തിക്കുന്നു. ഉപകരണം സൂക്ഷിക്കാനുള്ള അലമാര പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ വേണ്ടത്ര ലഭ്യമല്ല.

- കുട്ടികൾക്ക്  ബഞ്ച്, ഡസ്ക്ക് എന്നിവ ആവശ്യത്തിനുണ്ട്.
- കുട്ടികളുടെ കായിക പ്രവർത്തനങ്ങൾക്ക് ഉതകുന്ന രീതിയിലുള്ള വിശാല മായ ഗ്രൗണ്ട് സ്കൂളിനുണ്ട്.
- എല്ലാ കുട്ടികളേയും ഉൾക്കൊള്ളാൻ

  പര്യാപ്തമായ ഓഡിറ്റോറിയം ഇല്ല എന്നത് വലിയ ഒരു പോരായ്മയാണ്. അതുകൊണ്ട് തന്നെ വിപുലമായ രീതിയിൽ പരിപാടികൾ നടത്തേണ്ടി വരു മ്പോൾ മറ്റ് ഉറവിടങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും വിഷമം തന്നെയാണ്.
- സ്റ്റോർ റൂം, ഭക്ഷണം കഴിക്കുന്നതിനുള്ള മുറി എന്നിവയും സ്കൂളിനില്ല.
- കുട്ടികളുടെ  പഠന സാമഗ്രികൾസൂക്ഷിക്കുന്നതിന് എല്ലാ ക്ലാസ്സിലും അടച്ചുറ പ്പുള്ള അലമാരകൾ ഉണ്ട്.
- അധ്യാപകരുടെ പഠനസാമഗ്രികൾ, കുട്ടികളുടെ ഉത്പന്നങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനും അലമാരകൾ ഉണ്ട്.

### വിവര സാങ്കേതിക വിദ്യ

ഹൈസ്കൂളിലെ 6 ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്സുകളാണ്. ഐ.ടി.ക്ലബ്ബായ ലിറ്റിൽ കൈറ്റ്സിൽ 9-ാം ക്ലാസിൽ നിന്ന് 26 കുട്ടികളും 8-ാം ക്ലാസ്സിൽ നിന്ന് 20 കുട്ടി കളും 10-ാം ക്ലാസ്സിൽ നിന്ന് 21 കുട്ടികളും ഉൾപ്പെടുന്നു. എല്ലാ ബുധനാഴ്ചകളിലും അവർക്കായി ക്ലാസുകളും പരിശീലന പ്രവർത്തനങ്ങളും നടന്നുവരുന്നു. ക്ലാസുക ളിലെ ഐ.സി.റ്റി. ഉപകരണങ്ങൾ പരമാവധി ഉപയോഗിച്ചുകൊണ്ട് ഐ.ടി.അധി ഷ്ഠിത അധ്യയനമാണ് ഇവിടെ നടക്കുന്നത്.

## ഐ.ടി.അധിഷ്ഠിത പഠനം

### COMPUTERS AND DIGITAL EQUIPMENT STATUS

| Sl. No. | Items | Total Number of units available | Number of functional units(Out of total) |
|---|---|---|---|
| 1 | Desktop 1 PCs | - | - |
| 2 | Laptop/Notebook | 16 | |

| | | | |
|---|---|---|---|
| 3 | Tables | 8 | |
| 4 | PCs with integrated Teaching Learning devices | | |
| 5 | Digital Boards with content Management systems (CMS) | | |
| 6 | Projector | 6 | 6 |
| 7 | Printer | 1 | 1 |
| 8 | Scanner | 1 | 1 |
| 9 | Server | 1 | 1 |
| 10 | Web camera | 1 | 1 |
| 11 | Smart TV | 1 | 1 |
| 12 | Smart class rooms used for teaching with digital boards. | - | - |
| 13 | Mobile phone used for teaching | - | - |
| 14 | Radio used for teaching | - | - |
| 15 | Generator/Invertors power Backup | 1 | 1 |

## മറ്റ് മേഖലകൾ

1. പ്രവർത്തനക്ഷമമായ ശുചിമുറികളുടെ എണ്ണം
   യൂറിനൽസ് ആൺകുട്ടികൾക്ക് – 7
   പെൺകുട്ടികൾക്ക് – 6

2 ജലലഭ്യത : പഠിതാക്കളുടെ എണ്ണത്തിന് ആനുപാതികമായി ടാപ്പുകൾ ഉണ്ട്.
കുടിവെള്ള സ്രോതസ് – കിണർ

3 ജലശുദ്ധീകരണ പരിപാടി : ജലശുദ്ധീകരണത്തിനായി നിശ്ചിത ഇടവേളകളിൽ ക്ളോറിനേഷൻ നടത്തുന്നു. വാട്ടർ പ്യൂരിഫയർ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. കൃത്യമായ

| | | | |
|---|---|---|---|
| | | | ഇടവേളകളിൽ കുടിവെള്ളം ടെസ്റ്റ് ചെയ്യുന്നു. |
| 4 | ജനസംഭരണ സംവിധാനം | : | കെട്ടിടത്തിന് മുകളിൽ ജലം സംഭരിക്കുന്നതിന് ടാങ്ക് ഉണ്ട് വർഷത്തിൽ 4 പ്രാവശ്യം വൃത്തിയാക്കാറുണ്ട്. |
| 5 | ഉച്ചഭക്ഷണം | : | വൈവിധ്യമാർന്നതും പോഷകപ്രധാനമായതുമായ ഭക്ഷണം നൽകിവരുന്നു. ക്ലാസ് മുറികളിലിരുന്നാണ് കുട്ടികൾ ഭക്ഷണം കഴിക്കുന്നത്. ഭക്ഷണ ഇനം പ്രദർശിപ്പിക്കാറുണ്ട്. ആകെ 170 കുട്ടികൾ ഭക്ഷണം കഴിക്കുന്നു. |
| 6. | വൈദ്യുതീകരണം | : | 2 നിലകളുള്ള രണ്ടു കെട്ടിടങ്ങളിലും ഫാൻ, ലൈറ്റ് എന്നിവയുണ്ട്. |
| 7. | സ്കോളർഷിപ്പുകൾ | : | USS, NMMS സ്കോളർഷിപ്പുകൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. SC, ST, OBC, OEC വിഭാഗത്തിലെ കുട്ടികൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട്. പ്രീമെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്. |
| 8. | അസംബ്ലി | : | ആഴ്ചയിൽ മൂന്നു ദിവസം (തിങ്കൾ, ബുധൻ, വെള്ളി) മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ക്ലാസടിസ്ഥാനത്തിൽ അസംബ്ലി നടത്തുന്നു. |
| 9. | വിവിധ മേളകൾക്കുള്ള പരിശീലനം | : | ശാസ്ത്ര, ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയമേളകൾക്കുള്ള പരിശീലനം കൊടുക്കുന്നു. ശാസ്ത്രരംഗം പ്രവർത്തനങ്ങളും നല്ല രീതിയിൽ പുരോഗമിക്കുന്നു. പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. |

10 അദ്ധ്യാപക രക്ഷാകർത്തൃസമിതി

അദ്ധ്യാപക രക്ഷാകർതൃസമിതി വളരെ സജീവമായി സ്കൂളിൽ പ്രവർത്തിക്കു

ന്നു. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിൽ പൊതുയോഗത്തിൽ വച്ച് അദ്ധ്യാപക രക്ഷാകർതൃസംഘടനയുടേയും മാതൃസംഗമത്തിന്റെയും പ്രതിനിധികളെ തിര ഞ്ഞെടുക്കുന്നു. കുട്ടികളുടെ പഠനപുരോഗതി ലക്ഷ്യം വച്ച് അമ്മമാർക്കുള്ള പഠന ക്ലാസ്സുകൾ നടത്തിവരുന്നു. ഓരോ കുട്ടിയുടേയും പഠനനിലവാരത്തെക്കു റിച്ച് വിലയിരുത്തുന്നതിനായി ക്ലാസ് പി.ടി.എ.നടത്തിവരുന്നു.

11 സ്കൂൾ പാർലമെന്റ്

ജനാധിപത്യചിന്ത, ദേശീയബോധം, പരസ്പരധാരണ എന്നീ സത്ഗുണങ്ങൾ കുട്ടികളിൽ വഴളർത്തുന്നതിനായി ഓരോ ക്ലാസ്സിൽ നിന്നും ക്ലാസ് ലീഡറേയും അവരിൽ നിന്നും സ്കൂൾ ലീഡറേയും തിരഞ്ഞെടുക്കുന്നു.

# പാഠ്യേതരപ്രവർത്തനങ്ങൾ

## ലിറ്റിൽ കൈറ്റ്സ്

അറിവ് മറ്റൊരാളിൽ നിന്ന് പകർന്ന് കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നു മല്ല മാറ്റി മറിച്ചത്. പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറി വുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രി തവുമായ വിദ്യാഭ്യാസ പ്രക്രിയയിൽ വിവിര വിനിമയ സാങ്കേതികവിദ്യയുടെ സങ്കേ തങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പങ്കു വഹിക്കാനാകും. പ്രസ്തുത സങ്കേത ങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ദ്ധ്യവും അഭിരുചിയു മുള്ള കുട്ടികളെ രൂപപ്പെടുത്താൻ 'ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ.ടി.കൂട്ടാ യ്മ ഹൈടെക് പദ്ധതിയിലൂടെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നു.

നമ്മുടെ സ്കൂളിലും 'ലിറ്റിൽ കൈറ്റ്സ്' 2021 മുതൽ പ്രവർത്തിക്കുന്നു. 2022-25 ബാച്ചിൽ 20 പേരും അംഗങ്ങളായിട്ടുണ്ട്. 2024-27 ബാച്ചിൽ 20 പേരും അംഗങ്ങളായി ട്ടുണ്ട്. എട്ട്, ഒൻപത് ക്ലാസ്സുകളിലാണ് പ്രധാന പ്രവർത്തനങ്ങൾ. എല്ലാ ബുധനാ ഴ്ചയും വൈകിട്ട് 3.30 മുതൽ 4.30 വരെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ നടന്നുവ രുന്നു. കൈറ്റ് മിസ്ട്രസ്മാരായി രണ്ട് അധ്യാപകരും നേതൃത്വം നല്കിവരുന്നു.

## ഗൈഡിംഗ്

കുട്ടികളുടെ മാനസികവും ശാരീരികവും ഭൗതീകവുമായ കഴിവുകളെ പരി പോഷിപ്പിച്ച് സമൂഹത്തിനും രാജ്യത്തിനുംവേണ്ടി മഹത്തായ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുകയാണ് സംഘടനയുടെ ലക്ഷ്യം. ദൈവത്തോടും രാജ്യത്തോടുമുള്ള

കടമ നിർവഹിക്കുന്നതിനും മറ്റുള്ളവരെ സഹായിക്കുന്നതിനും പ്രസ്ഥാനത്തിലെ കുട്ടികൾ തൽപരരാണ്. വിവിധ തരത്തിലുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലൂടെ വിവിധ തരത്തിലുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലൂടെ വിവിധ പ്രാദേശിക സാംസ്കാരിക സ്വഭാവങ്ങളുടെ സമന്വയമുണ്ടാക്കാനും അംഗങ്ങളിൽ ഐക്യവും ദേശീയ അഖണ്ഡതയും ഉണ്ടാക്കാൻസഹായിക്കുന്നു. താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രവേശ്, പ്രഥമസോപാൻ ദ്വിതീയ സോപാൻ, തൃതീയ സോപാൻ എന്നീ കടമ്പകൾ കടത്തി രാജ്യപുരസ്കാർ നേടാൻ അർഹരാക്കുന്നു. ഈ സ്കൂളിൽ പ്രത്യേക പരിശീലനം നൽകുകയും വിവിധ റാലികളിലും ദിനാചരണങ്ങളിലും പങ്കെടുപ്പിക്കുകയും വൈവിധ്യങ്ങളായ കർമ്മപദ്ധതികളിലൂടെ കുട്ടികളെ മുഖ്യധാര യിലെത്തിക്കുകയും ചെയ്യുന്നു.

# NCC

ഇന്ത്യൻ സൈന്യത്തിന്റെ സഹായകനിരയായി പ്രവർത്തിക്കുന്ന സംഘടനക ളിലൊന്നാണ് നാഷണൽ കേഡറ്റ് കോർ അഥവാ NCC സന്നദ്ധരായി എത്തുന്ന വിദ്യാർത്ഥികളെയാണ് എൻ.സി.സി.യിൽ പങ്കെടുപ്പിക്കുന്നത്. എൻ.സി.സി.യിൽ അംഗമായ വ്യക്തിയെ കേഡറ്റ് എന്ന് വിളിക്കുന്നു. ചിട്ടയായ പരേഡും. ലഘുവായിട്ടു ള്ള ആയുധോപയോഗവുമെല്ലാം എൻ.സി.സി. വഴി കേഡറ്റുകൽക്ക് ലഭിക്കുന്നു.

ഒത്തൊരുമയും അച്ചടക്കവും (एकता और अनुशासन / Unity and Discipline) എന്നതാണ് എൻ.സി.സി.യുടെ മുദ്രാവാക്യം. ഇന്ത്യൻ പ്രതിരോധ മന്ത്രായലയ ത്തിന് കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ന്യൂഡൽഹിയാണ് ആസ്ഥാനം. രണ്ടാം പ്രതിരോധനിര എന്നും അറിയപ്പെടുന്ന എൻ.സി.സി.യിൽ കര(Army), നാവി ക(Navy), വ്യോമ(Airforce) സേനകൾക്ക് അവയുടെ വിങ്ങുകൾ ഉണ്ട്. നമ്മുടെ സ്കൂളിൽ കരസേനയുടെ (Army Wing) Troop No.311, 18 , കേരള ബറ്റാലിയൻ മൂവാറ്റുപുഴയുടെ കീഴിൽ പ്രവർത്തിച്ച് വരുന്നു.

കുട്ടികളിൽ ആത്മവിശ്വാസവും, അച്ചടക്കവും, നേതൃപാടവും വളർത്തിയെട്ടു ക്കുക എന്ന ലക്ഷ്യത്തോടെ ഈ സ്കൂളിൽ എൻ.സി.സി. പ്രവർത്തിക്കുന്നു. കുട്ടി കൾക്ക് ആഴ്ചയിൽ രണ്ട് ദിവസം 2 മണിക്കൂർ വീതം പരിശീലനം നൽകിവരുന്നു. കൂടാതെ 10 ദിവസം നീണ്ട് നിൽക്കുന്ന ക്യാമ്പുകളും കുട്ടികൾക്ക് നൽകുന്നു. 8-ാം ക്ലാസ്സിൽ നിന്നാണ് കുട്ടികളെ തിരഞ്ഞെടുക്കുന്നത്. 8-ാം ക്ലാസ്സിലും 9-ാം ക്ലാസ്സിലും തുടർച്ചയായി 2 വർഷം പരിശീലനം നൽകുന്നു. പരിശീലനത്തിന് ശേഷം കുട്ടി കൾക്ക് സർട്ടിഫിക്കറ്റ് എക്സാം നടത്തുന്നു. പരിശീലന കാലയളവിൽ മികവ്

പുലർത്തുന്ന സാധാരണ കേഡറ്റിന് എസ്.എസ്.എൽ.സി.ക്ക് 20 മാർക്കും, അധിക മികവ് പുലർത്തുന്ന കേഡറ്റിന് 30/40 മാർക്കും, നൽകി വരുന്നു. കൂടാതെ +1 അഡ്മിഷന് അധിക വെയിറ്റേജ് മാർക്കും നൽകുന്നു. സൈന്യം, പോലീസ്, എക്സൈസ്, വനംവകുപ്പ്, ഫയർഫോഴ്സ് തുടങ്ങി യൂണിഫോം അണിയേണ്ട ഡിപ്പാർട്ടുമെന്റുകളിൽ ജോലിക്ക് മുൻതൂക്കം നൽകുന്നു. Officers Training Academy (OTA) Kamptee, Maharastra യിൽ നിന്ന് മൂന്ന് മാസം നീണ്ട് നിൽക്കുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും, പിന്നീട് 1 മാസം നീണ്ടു നില്ക്കുന്ന 2 Refresher Course കളും പൂർത്തിയാക്കിയ Associate NCC Officer Cesil C Jose ഈ സ്കൂളിലെ എൻ.സി.സി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.

## JRC

സ്കൂളിൽ കുട്ടികൾക്ക് പഠനത്തോടൊപ്പം സ്വഭാവരൂപീകരണം സ്നേഹം ദയ സേവനസന്നദ്ധത തുടങ്ങിയ മഹത്തായ ദർശനങ്ങൾ ഉൾക്കൊള്ളാനും പകർന്നു നൽകാനും അവസരമൊരുക്കുന്ന സംഘടനയാണ് JRC. അന്താരാഷ്ട്ര റെഡ് ക്രോസിന്റെ വിദ്യാർത്ഥി വിഭാഗമാണ് JRC. മാനുഷികമൂല്യങ്ങൾക്കും ആതുര ശുശ്രൂഷയ്ക്കും മുൻതൂക്കം നൽകുന്നതിനാൽ അംഗങ്ങളായിട്ടുള്ള കുട്ടികൾ ഏത് പ്രതിസന്ധി ഘട്ടങ്ങളേയും അനായാസം തരണം ചെയ്യാൻ കെൽപ്പുള്ളവരും ഒപ്പം സമഭാവത്തോടെ എല്ലാവരോടും പെരുമാറണമെന്നുള്ള മനോഭാവം കാത്തു സൂക്ഷിക്കുന്നവരുമായ മാതൃകാവിദ്യാർത്ഥികളായി മാറുകയാണ്. കല്ലൂർക്കാട് SAHSS ൽ 2014 ൽ ആണ് JRC പ്രവർത്തനമാരംഭിച്ചത്. പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളെ ജൂനിയർ കേഡറ്റ്സ് എന്നാണ് വിളിക്കുന്നത്. അവർക്ക് മാർഗനിർദ്ദേശം നൽകുന്ന അധ്യാപകരെ കൗൺസിലേഴ്സ് എന്നും വിളിക്കുന്നു. JRC യുടെ മുദ്രാവാക്യം I Serve എന്നതാണ്. JRC ക്ക് പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളാണ് ഉള്ളത്.

1. ആരോഗ്യസംരക്ഷണം - എന്റെയും മറ്റുള്ളവരുടേയും ആരോഗ്യം സംരക്ഷിക്കും.
2. രോഗികളേയും കഷ്ടതയനുഭവിക്കുന്നവരോടും പ്രത്യേകിച്ച് കുട്ടികളെ സഹായിക്കണം.
3. ദേശീയ അന്തർദേശീയ സൗഹൃദം പുലർത്തണം. കുട്ടികളെ സ്കൂളിൽ വച്ച് തന്നെ സേവന സന്നദ്ധരാക്കുക എന്നതാണ് JRC സംഘടനയുടെ പ്രധാന

ലക്ഷ്യം. Kalloorkad SAHSS ൽ കുട്ടികൾ ജൂനിയർ കേഡറ്റ്സ് ആയി പ്രവർത്തിക്കുന്നു. 8,9,10 ക്ലാസിലെ വിദ്യാർത്ഥികൾക്ക് A level, B level, C level എന്നീ തലങ്ങളിൽ പരീക്ഷകൾ നടത്തിവരുന്നു. JRC കുട്ടികൾ വിവിധസന്നദ്ധസേവന പ്രവർത്തനങ്ങളിലും റാലികളിലും ദിനാചരണങ്ങളിലും വളരെ സജീവമായി പങ്കെടുത്തുവരുന്നു.

## പഠനബോധന പ്രക്രിയ

1. ഓരോ കുട്ടിയേയും അറിഞ്ഞ് അതിനനുസരിച്ച് പഠനബോധന പ്രക്രിയകൾആസൂത്രണം ചെയ്യുന്നു. കുട്ടികളുടെ സാമൂഹിക സാംസ്കാരിക, സാമ്പത്തിക, ഗാർഹിക വിവരങ്ങൾ ശേഖരിക്കുന്നതിന് വിദ്യാലയ രേഖകൾ ഭവന സന്ദർശനം, എന്നീ സാധ്യതകളാണ് അധ്യാപകർ ഉപയോഗിക്കുന്നത്.
2. പഠിതാക്കളുടെ മനോഭാവങ്ങളും താത്പര്യങ്ങളും ക്ലാസ്തല ഇടപെടലിന്റെ ഭാഗമായി മനസ്സിലാക്കാൻ ശ്രമിക്കുന്നു. സഹപ്രവർത്തകരുമായുള്ള ചർച്ച, ക്ലാസ്, പി.ടി.എ.യിലെ ചർച്ച എന്നവിയിലൂടെയും അറിയാൻ ശ്രമിക്കാറുണ്ട്.
3. സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി. എന്നിവ കൃത്യമായി നടക്കുന്നു.
4. അധ്യാപകർ ഇല്ലാത്ത അവസരങ്ങളിൽ സബ്സ്റ്റിറ്റ്യൂഷൻ വർക്ക് നൽകാറുണ്ട്.
5. വിലയിരുത്തലിന്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റ്, മന്ത്‌ലി ടെസ്റ്റ്, മിഡ് ടേം ടെസ്റ്റ്, ടേം എക്സാം വാർഷിക മൂല്യനിർണയം എന്നിവ നടത്തിവരുന്നു.

- പത്താംക്ലാസ്സിലെ കുട്ടികൾക്കായി രാവിലെയും വൈകുന്നേരവും സ്പെഷ്യൽ ക്ലാസ് നടത്തുന്നു. അതുപോലെ തന്നെ വിദ്യാഭ്യാസകലണ്ടർ പ്രകാരം പ്രവൃത്തിദിനമല്ലാത്ത ശനിയാഴ്ചകളിൽ ക്ലാസ്സുകൾ നൽകുന്നു.
- എല്ലാ അധ്യാപകരും നിശ്ചിത പരിശീലനയോഗ്യത നേടിയവരാണ്. വിവരസാങ്കേതികവിദ്യയിലും പരിശീലനം ലഭിച്ചവരാണ് അധ്യാപകരിലേറെയും.
- കുട്ടികളുടെ സമഗ്രമായ വികസനത്തിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ, മോട്ടിവേഷൻ ക്ലാസ്സുകൾ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ നടത്തുന്നു. അതുപോലെ തന്നെ ആദ്ധ്യാത്മീക വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ മോറൽ ക്ലാസ്സുകളും, വാല്യൂഎഡ്യുക്കേഷനും നടത്തുന്നു. KCSL എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. അദ്ധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല വർഷാദ്യത്തിൽ തന്നെ തയ്യാറാക്കി നൽകി.

ചുമതലകൾ അധ്യാപകർ

# WORK ALLOTMENT 2025-26

| WORK ALLOTMENT 2025-26 | |
|---|---|
| Headmistress | Smt.Sheeba Mathew |
| Senior Assistant | Shibumon K U |
| Staff Secretary | Cesil C Jose |
| P.T.A. Secretaty | Frenson P Jose |
| SRG | Ancy Jose, Bincy Joseph |
| Library | Dhanyamol MP, Jincy Mathew |
| Noon Meal | Johnson M Jose, Sr. Joicee Joseph |
| Academic Master Plan | Anusha Andrews, Cesil C Jose |
| Year Plan | Ancy jacob, Ancy Jose |
| School Bus | Shibumon K U, Johnson M Jose |
| Vidhyarangam | Jincy Mathew, Krishnakumari V S |
| Guiding | Anju Jose |
| JRC | Anusha Andrews, Ramya K Raju |
| NCC | Cesil C Jose |
| Little Kites | Ancy Jacob, Jincy Mathew |
| Textbook Society | Johnson M Jose, Frenson P Jose |
| Maths Club | Jincy Mathew, Ancy Jose, Anju Jose |
| English Club | Johnson M Jose, Liza Jacob |
| Science Club | Anusha Andrews, Ancy Jacob, Frenson P Jose, Sr. Joicee Joseph |
| Social Science Club | Sr. Vincy Thomas, Bincy Joseph |
| Hindi Club | Ramya K Raju, Dhanyamol MP |
| IT Club | Johnson M Jose, Ancy Jacob, Fresnson P Jose, Sr. Joicee Joseph |
| Health Club | Ancy Jacob, Liza Joseph |
| Arts | Ancy Jacob, Krishnakumari V S, Anju Jose, Bincy Joseph |
| KCSL | Sr Vincy Thomas, Sr. Joicee Joseph |
| Sports | Frenson P Jose, Cesil C Jose, Shilju ED Anish Abraham |

| | |
|---|---|
| Environment Club | Ancy Jacob, Liza Joseph |
| Exam | Shibumon K U, Johnson M Jose, Frenson P Jose<br>Sr. Joicee Joseph |
| Work Experience | Ramya K Raju, Dhanyamol MP, Jincy Mathew |
| Tour Committee | Shibumon K U, Sr. Vincy Thomas, Anish Abraham<br>Cesil C Jose, Sr. Joicee Joseph, Frenson P Jose |
| Media & Publicity | Sr. Joicee Joseph, Frenson P Jose, Johnson M Jose |
| PTA Executive | Frenson P Jose, Shibumon K U, Sr. Vincy Thomas<br>Cesil C Jose, Sr. Joicee Joseph |
| SITC & Joint SITC | Johnson M Jose, Frenson P Jose, Ancy Jacob |
| Scolarship | Johnson M Jose, Frenson P Jose |
| Time Table | Ancy Jose, Anusha Andrews, Anju Jose |
| | Shibumon K U, Cesil C Jose, Sr. Vincy Thomas, |

| **Day Celebrations** | | |
|---|---|---|
| 1 | June | Shibumon K U, Cesil C Jose |
| 2 | July | Johnson M Jose, Liza Joseph |
| 3 | August | Ramya K Raju, Dhanyamol M P |
| 4 | September | Sr. Vincy Thomas, Anusha Andrews |
| 5 | October | Frenson P Jose, Krishnakumari V S |
| 6 | November | Bincy Joseph, Anu Baby |
| 7 | December | Sr. Joicee Joseph, Anju Jose |
| 8 | January | Ancy Jacob, Ancy Jose |
| 9 | February | Jincy Mathew, Anish Abraham |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരമാർഗ്ഗങ്ങൾ

പാഠ്യപദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന കുട്ടിയുടെ സർവ്വോന്മുഖമായ വികസനം സാധ്യമാകുന്നില്ല. ഓരോ ക്ലാസ്സുകളിലും കുട്ടികൾ ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ കൈവരിക്കാൻ എല്ലാവർക്കും സാധിക്കുന്നില്ല. പൂർണ്ണമായും പ്രക്രിയാബന്ധിതവും പരിവർത്തനാധിഷ്ഠിതവുമായ പഠനരീതി പിന്തുടരുകയെന്നത് നിലവിലെ സാഹചര്യത്തിൽ വലിയവെല്ലുവിളി തന്നെയാണ്. ഉള്ളടക്ക ബാഹുല്യം, പഠനദിവസങ്ങളുടെ കുറവ്, ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതത, മാനസിക ഉല്ലാസത്തിനുള്ള പ്രവർത്തനങ്ങളുടെ കുറവ് എന്നിവയാണ് പ്രധാന കാരണങ്ങൾ. ഐ.സി.ടി. അധിഷ്ഠിത പഠനം പൂർണ്ണതോതിൽ നടത്താൻ കഴിയുന്നില്ല. കൂടാതെ പഠനസാമഗ്രികളുടെ ഉപയോഗവും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതതയാണ് മറ്റൊരു പ്രധാന കാരണം. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സാമൂഹിക പിന്തുണ കുറയുന്നതും ഒരു വെല്ലുവിളി തന്നെയാണ്. ഇന്ന് വിദ്യാലയം നേരിടുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളേയും പ്രധാനമായും മൂന്നായി തിരിക്കാം.

## എ) അക്കാദമികം  ബി)ഭൗതികം  സി) സാമൂഹികം

**എ) അക്കാദമികം**

1. 5 മുതൽ 10 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
2. സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും നൽകുന്നില്ല.
3. എല്ലാ കുട്ടികൾക്കും ഭാഷകളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല.
4. പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നൂതന പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും ഗവേഷണാത്മക പ്രവർത്തനങ്ങവൽ നടപ്പാക്കുന്നില്ല.
5. ക്ലബ് പ്രവർത്തനങ്ങൾ പഠന പ്രവർത്തനത്തിന്റെ ഭാഗമാകുന്നില്ല.
6. വൈവിധ്യമാർന്ന പഠനതന്ത്രങ്ങളും സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല.
7. എല്ലാ കുട്ടികളുടേയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളോ അനുഭവങ്ങളോ ലഭിക്കുന്നില്ല.

8. ഐ.സി.റ്റി.അധിഷ്ഠിത പഠനം ഉറപ്പാക്കാൻ കഴിയുംവിധം അധ്യാപകർ ശാക്തീകരിക്കപ്പെട്ടിട്ടില്ല.

9. പഠനപ്രവർത്തനങ്ങളിൽ പഠനോപകരണങ്ങൾ ഐ.സി.റ്റി.സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

10. ക്ലാസ് ലൈബ്രറികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

11. പരിസരം ഒരു പാഠപുസ്തകമാണെന്ന് തിരിച്ചറിയുന്നില്ല.

12. ഓരോ വിഷയങ്ങളുടെയും അടിസ്ഥാനം കുട്ടികളിൽ വേണ്ടവിധം ഊട്ടി ഉറപ്പിക്കപ്പെടുന്നില്ല.

13. പരീക്ഷയ്ക്കപ്പുറം തങ്ങൾ പഠിക്കുന്ന വിഷയങ്ങുടെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുന്നില്ല.

14. പരീക്ഷകൾക്ക് വേണ്ടത്ര പ്രാധാന്യം കുട്ടികൾ നൽകുന്നില്ല.

15. കുട്ടികളുടെ ശാസ്ത്രീയമായ കാഴ്ചപ്പാടുകളും ചിന്തകളും ക്ലാസ്സുകളിൽ മാത്രമായി ഒതുങ്ങുന്നു. അതിനപ്പുറത്തേക്ക് വിശാലമായ ചർച്ചകളും ഗവേഷണാത്മക പ്രവർത്തനങ്ങളും നടക്കുന്നില്ല.

16. കേരളത്തിന്റെയും ഭാരതത്തിന്റെയും സാംസ്കാരികവും കലാപരവുമായ പ്രൗഢിയും പാരമ്പര്യവും തിരിച്ചറിയാനുള്ള അവസരങ്ങൾ കുറവാണ്.

17. കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാകുന്നില്ല.

18. കായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

19. അധ്യാപകർക്കും കുട്ടിക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.

20. ഭിന്നശേഷിക്കാരായ കുട്ടികളുടെ അക്കാദമികമായ പ്രശ്നങ്ങൾ പൂർണ്ണമായും കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യപ്പെടുന്നില്ല.

21. ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠപുസ്തകം, പഠനപ്രക്രിയ എന്നിവയില്ല.

22. വിവിധ മത്സരപ്പരീക്ഷകളിൽ പ്രതീക്ഷിക്കുന്നത്ര വിജയം കരസ്ഥമാക്കാൻ കുട്ടികൾക്കുസാധിക്കുന്നില്ല.

## ബി) ഭൗതീകം

1. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് കുട്ടികളെ ഒരുമിച്ച് കൂട്ടുന്നതിനുള്ള ഓഡിറ്റോറിയത്തിന്റെ അഭാവം.
2. ഐ.സി.റ്റി.സൗകര്യങ്ങളുള്ള ക്ലാസ്സ് മുറികളുടെ കുറവ്.
3. ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി ലബോറട്ടറി, ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം.
4. സ്കൂൾ കോമ്പൗണ്ടിന് ചുറ്റുമതിൽ ഇല്ലാത്തത്.
5. കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള ഊണുമുറിയുടെ അഭാവം.
6. ആധുനികമായി സജ്ജീകരിച്ചിട്ടുള്ള ക്ലാസ് മുറികളുടെ കുറവ്
7. സ്കൂൾ ഗ്രൗണ്ട് ഉയർന്ന പ്രദേശത്തായതിനാലും ചുറ്റുമതിൽ ഇല്ലാത്തതിനാലും സാമൂഹ്യവിരുദ്ധരുടെ ശല്യം.
8. ഭിന്നശേഷിക്കാരുടെ പഠനപ്രവർത്തനങ്ങൾക്കും ശാരീരിക മാനസിക വികാസത്തിന് സഹായകമാകുന്ന റിസോഴ്സ് റൂമിന്റെ അഭാവം.
9. ഭിന്നശേഷിക്കാരുടെ സഞ്ചാരം സുഗമമാക്കുന്നതിനുള്ള സജ്ജീകരണങ്ങളില്ല.
10. എല്ലാ ക്ലാസ്മുറികളിലും മതിയായ ലൈറ്റ്, ഫാൻ എന്നീ സൗകര്യങ്ങളുടെ കുറവ്

## സാമൂഹികം

1. കുട്ടികൾക്ക് വേണ്ടത്ര പഠന പിന്തുണ വീടുകളിൽ നിന്നും ലഭിക്കുന്നില്ല.
2. വീട്ടിലെ മുതിർന്നവരുടെ മദ്യപാനം മറ്റു ദുശ്ശീലങ്ങൾ കുട്ടികളെ മാനസികമായി തളർത്തുകയും ദുർമാതൃകയാവുകയും ചെയ്യുന്നു.
3. വിദ്യാലയ പ്രവർത്തനങ്ങൽ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയും മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങളെ അറിയിക്കുകയും ചെയ്യപ്പെടുന്നില്ല.
4. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം വേണ്ടത്ര ഉണ്ടാകുന്നില്ല.
5. പൂർവ വിദ്യാർത്ഥി സംഘടന, പൂർവ അധ്യാപക സംഘടന എന്നിവയുടെ സാധ്യതകൾവേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.

6. പ്രാദേശിക പ്രതിഭകളുടെ കഴിവും സേവനവും വേണ്ട വിധത്തിൽ വിദ്യാലയത്തിനായി ഉപയോഗിക്കപ്പെടുന്നില്ല.

7. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് കുട്ടികളുടെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല.

8. കോവിഡാനന്തരം ആഘോഷങ്ങളിലും പരിപാടികളിലും പൊതുജന പങ്കാളിത്തം കുറഞ്ഞുവരുന്നു.

# SSLC

കുട്ടികളുടെ സർവ്വോന്മുഖമായ വികാസത്തിന് സ്കൂളും പരിസരവും വീടുകളിലെ സാഹചര്യങ്ങളും ഇനിയും മാറേണ്ടിയിരിക്കുന്നു. കോവിഡാനന്തര സാഹചര്യത്തിൽ പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും ഉയർന്നുവരുന്നു. ഇതിനെയെല്ലാം തരണം ചെയ്ത് മുന്നേറാൻ അദ്ധ്യാപകരും വിദ്യാർത്ഥികളും മാതാപിതാക്കളും കൂടുതൽ ഊർജ്ജസ്വലരാവേണ്ടിയിരിക്കുന്നു.

അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കുട്ടികളുടേയും സംയുക്തമായ പ്രവർത്തനങ്ങളുടെ ഫലമായി തിളക്കമാർന്ന വിജയമാണ് എസ്.എസ്.എൽ.സി.പരീക്ഷയ്ക്ക് കൈവരിക്കാനാകുന്നത്. വർഷങ്ങളായി നൂറുശതമാനം വിജയവും മികച്ച ഗ്രേഡുകളും കരസ്ഥമാക്കാൻ കുട്ടികൾക്ക് സാധിക്കുന്നുണ്ട്.

| വർഷം | കുട്ടികളുടെ എണ്ണം | വിജയശതമാനം | ഫുൾ എ പ്ലസ് |
|---|---|---|---|
| 2019-2020 | 55 | 100 | 5 |
| 2020-2021 | 60 | 100 | 12 |
| 2021-2022 | 63 | 100 | 3 |
| 2022-2023 | 51 | 100 | 11 |
| 2023-2024 | 75 | 100 | 18 |
| 202425 | 60 | 100 | 8 |

ഇതോടൊപ്പം തന്നെ കലാകായിക രംഗത്തും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് സാധിക്കുന്നുണ്ട്. പൊതചുജനങ്ങളുടേയും പി.ടി.എ.യുടേയും സഹകരണത്തോടെ ക്രിയാത്മകമായിട്ടുള്ള പല പ്രവർത്തനങ്ങളും നടത്തി വരുന്നു.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യത്തെ സാക്ഷാത്കരിക്കുവാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്താനുള്ള മാർഗ്ഗരേഖ വിഷയാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

വരും വർഷങ്ങളിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് താഴെ വിശദീകരിക്കുന്നത്. മലയാളം, ഇംഗ്ലീഷ് ഉപഭാഷകൾ, ഗണിതം, അടിസ്ഥാന സാസ്ത്രം, സാമൂഹ്യശാസ്ത്രം, കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തി പരിചയപഠനം, ഭിന്നശേഷി കുട്ടികൾക്കുള്ള പ്രത്യേക പാക്കേജ്, ഗൈഡൻസ് & കൗൺസലിംഗ് എന്നീ മേഖലകളിലെ വികസന പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്.

നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രശ്നങ്ങൾ, അവയുടെ പരിഹാരമാർഗ്ഗങ്ങൾ എന്നിവയാണ് ഇതിൽ പ്രതിപാദിക്കുന്നത്.

## മാതൃഭാഷാ പഠനത്തിലേക്ക്

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും സംസ്കാരവും പ്രതിഫലിപ്പിക്കുന്നു. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. സ്വാഭാവിക സാഹചര്യങ്ങളിൽ നിന്ന് ആർജിക്കുന്ന, ഭാഷാശേഷികളെ നിശ്ചിത തലങ്ങളിൽ ചിട്ടപ്പെടുത്തുന്നത് വിദ്യാലയങ്ങളിൽ നടക്കുന്ന മാതൃഭാഷാ പഠനത്തിലൂടെയാണ്. വായനയിലെയും, എഴുത്തിലെയും കൃത്യതയും, സൂക്ഷ്മതയും ഉറപ്പാക്കുന്ന സമീപനമാണ് മാതൃഭാഷാപഠനം മുന്നോട്ട് വയ്ക്കുന്നത്.

സാമാന്യവും സവിശേഷവുമായ ജീവിതസന്ദർഭങ്ങളിൽ ഫലപ്രദമായി ഭാഷ പ്രയോജനപ്പെടുത്തുന്നതിനും, വ്യത്യസ്ത സാഹിത്യശാഖകളിലെ മികച്ച രചനകൾ ആസ്വദിക്കുന്നതിനും, വിലയിരുത്തുന്നതിനും, മലയാള സാഹിത്യചരിത്രബോധം ആർജ്ജിക്കുന്നതിനുമുള്ള അവസരമൊരുക്കുന്നതാണ് ഹൈസ്കൂളിലെ മാതൃഭാഷാ പഠനം. ബോധനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് ആധുനിക വിദ്യാഭ്യാസചിന്തകരും, മന:ശാസ്ത്രജ്ഞരും പൊതുവിൽ അംഗീകരിച്ചിട്ടുണ്ട്. പുരോഗതിയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ലോകരാജ്യങ്ങളെ പരിശോധിച്ചാൽ അവിടങ്ങളിലെ ഉന്നതവിദ്യാഭ്യാസവും, ഭരണവും മാതൃഭാഷയിലാണെന്ന് മനസ്സിലാക്കാൻ കഴിയും. മാതൃഭാഷയിലൂടെ ആശയം സ്വീകരിക്കുമ്പോൾ കുട്ടിക്ക് ആ വിഷയത്തിൽ കൂടുതൽ മികവ് പുലർത്താൻ കവിയും എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിടുണ്ട്.

ഇതെല്ലാം മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം വളരെ വലുതാണെന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മാതൃഭാഷയായ മലയാളത്തിൽ കുട്ടികൾക്ക് പ്രാവീണ്യം കൊടുക്കുകയും, തത്ഫലമായി മലയാളത്തിൽ എഴുതുവാനും വായിക്കുവാനും അവരെ പപ്രാപ്തരാക്കുകയും ചെയ്യുന്നു. | 1. വായന ദിനം<br>2. വായന മത്സരം<br>3. ഗ്രന്ഥശാല പുസ്തക വിതരണം<br>4. കൈ എഴുത്തുമാസിക തയ്യാറാക്കൽ<br>5. പഠന പിന്നോക്കാവ്സ്ഥ തരണം ചെയ്യുന്നതിന് പ്രത്യേക ക്ലാസ്സുകൾ (മലയാളത്തിളക്കം)<br>6. നാടകം, പ്രസംഗം, ഉപന്യാസം, കവിതാരചന, കഥാരചന, കാർട്ടൂൺ, തിരക്കഥ, കഥാനിരൂപണം<br>7. കുറിപ്പ് തയ്യാറാക്കൽ<br>8. ഡയറി, പോസ്റ്റർ ഇവ തയ്യാറാക്കൽ<br>9. കത്ത്, നിവേദനം തയ്യാറാക്കൽ<br>10. ആൽബം തയ്യാറാക്കൽ<br>11. അഭിമുഖം തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ഓരോ ടേമിലും<br>ദിവസവും രാവിലെയും വൈകുന്നേരവും<br>യൂണിറ്റ് അനുസൃതം<br>,,<br>,,<br>,,<br>,,<br>,, | മലയാളം അധ്യാപകർ<br>,,<br>മലയാളത്തിളക്കം<br>മലയാളം അധ്യാപകർ |
| മാതൃഭാഷയായ മലയാളത്തിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിന്, മലയാളം എഴുതുവാനും, വായിക്കുവാനും ആശയഗ്രഹണം സാധ്യമാക്കാനും, വിവിധ വിയവഹാരങ്ഹൾ മനസ്സിലാക്കുവാനും കൈകാര്യം ചെയ്യുവാനുമുള്ള പ്രാഗത്ഭ്യം നേടുക. | 1. മാതൃഭാഷയിൽ പ്രാഗത്ഭ്യം വർദ്ധിപ്പിക്കാനായി മലയാളം ക്ലാസ്<br>2. ക്ലാസ്സിൽ എല്ലാ ദിവസവും പത്രവാർത്ത വായിപ്പിക്കൽ<br>3. ആഴ്ചയിൽ ഒരിക്കൽ മലയാളം അസംബ്ലി<br>4. വിവിധ വ്യവഹാരരൂപത്തിൽ കാര്യങ്ങൾ അവതരിപ്പിക്കൽ<br>5. സെമിനാറുകൾ, അസൈൻമെന്റുകൾ, ഡയറി, നോട്ടീസ്, എഡിറ്റോറിയൽ(മുഖപ്രസംഗം)നാടകം, മാഗസിൻ തയ്യാറാക്കൽ | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ആഴ്ചയിൽ ഒരിക്കൽ<br>ഓരോ ടേമിലും<br>ദിവസവും രാവിലെയും വൈകുന്നേരവും<br>യൂണിറ്റ് അനുസൃതം | മലയാളം അധ്യാപകർ<br>,, |
| | 6. വായനയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം<br>7. അക്ഷരത്തെറ്റുകൾ കുറയ്ക്കുവാനുള്ള പരിശീലനം<br>8. വ്യാകരണ ക്ലാസ്സുകൾ | ഒക്ടോബർ, നവംബർ, ഡിസംബർ<br>എല്ലാ ദിവസവും രാവിലെയും വൈകുന്നേ | |

| | | | |
|---|---|---|---|
| | | രവും യൂണിറ്റ് അനുസൃതം | |
| മാതൃഭാഷയായ മലയാളത്തിൽ കുട്ടികൾക്ക് പ്രാവീണ്യം വർധിപ്പിക്കുന്നതിന്, മലയാളം അക്ഷരത്തെറ്റ് കൂടാതെ എഴുതുവാനും അക്ഷരസ്ഫുടതയോടെ വായിക്കുവാനും, സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാനും, അവരെ പ്രാപ്തരാക്കുകയും ചെയ്യുക. | 1. വിവിധ സർഗ്ഗാത്മക പ്രവർത്തനങ്ങൾ<br>2. ഐ.റ്റി.അധിഷ്ഠിത ക്ലാസ്സുകൾ<br>3. ആവർത്തനം<br>4. മോഡൽ പരീക്ഷകൾ<br>5. മൂല്യനിർണ്ണയം, വിലയിരുത്തൽ | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | മലയാളം അധ്യാപകർ<br>" |

## അക്കാദമിക പ്ലാൻ - Short Term- Malayalam U P

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| **1** | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം | 1. പ്രീടെസ്റ്റ് (2-6-17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾഎഴുതിയ കാർഡ്<br>6. വാക്കുൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾനിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയിൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ- ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. സി.ഡി.ൽഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 മാസം ആഗസ്റ്റ്- സെപ്തംബർ | പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA<br><br>BRC<br>IED<br>Trainer<br>PTA |

| | | | | | |
|---|---|---|---|---|---|
| **2.** | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7.അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാല സഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ - വായന<br>20. പുസ്തകം ഒരുക്കൽ( യു.പി.വായന)<br>21.വായനക്കൂട്ടം - മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA<br>BRC |
| **3.** | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രീപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ | 6 മാസം | ലൈബ്രറി | BRC |

| | | | | | |
|---|---|---|---|---|---|
| | | 7. ഇൻലന്റ് മാഗസിൽ, ചുമർപത്രി, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | | | DIET |

| | | | | | |
|---|---|---|---|---|---|
| | | 9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12.പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘ രചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം. അഭിമുഖം<br>16.രചയിതാക്കൾ പരിചയപ്പെടൽ<br>17. സാഹിത്യസാംസ്ക്കാരിക ചിത്രഗ്യാലറി | ആഡിറ്റോറിയം | പുസ്തകങ്ങൾ<br>ജീവചരിത്രപുസ്തകങ്ങൾ ഗ്രന്ഥശാല<br>ഫോട്ടോകൾ പുസ്തകങ്ങൾ | SCERT PTA<br>BRC<br>ജനപ്രതിനിധി<br>PTA Teacher |

# Project -Malayalam

## ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ചവായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചു വളരുക, ചിന്തിച്ച വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്കു നയിക്കാൻ ഒരു മഹത് വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തു കാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

### ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും.
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമാഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക.
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

### പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം (Pre-test) 02-06-17

   പ്രീടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരേ കണ്ടെത്തി.

2. അക്ഷരം ഉറപ്പിക്കൽ (1 month)

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്

കാൻഡിലുടെ വാക്കുകൾ രൂപീകരിക്കൽ. വാക്കുകളിലൂടെ വശങ്ങൾ രൂപീകരിക്കൽ

5. ചിത്രം, അടിക്കുറിപ്പ്

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. കഥ-ബാക്കി പറയൽ - എഴുതൽ

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു

7. കഥാപുസ്തകം നൽകൽ

വായന കുറിപ്പ് തയ്യാറാക്കൽ

8. സി.ഡി.പ്രദർശനം

ചിത്രങ്ങൾ അടങ്ങിയ സി.ഡി.പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം

9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

ഭിന്ന ശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം

10. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ ചർച്ച വായ നാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറിയൻ, പുസ്തകവിത രണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരം

13 സമീപ ഗ്രന്ഥശാല അംഗത്വം

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം എന്റെ പുസ്തകം പ്രകാശനം,

14. വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്ത കമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം. പാഠഭാഗവുമായി ബന്ധ പ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. പത്രവായന

വിവിധ പ്രതങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന എഴുത്ത് പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനാവസരം വായനാമുറി വായനാക്കുറിപ്പ് തയ്യാറാക്കൽ മികച്ച കുറിപ്പ് കണ്ടെത്തൽ പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല.

17. പുസ്തക ചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ

വിദ്യാർത്ഥികൾ, റിതൾ, അധ്യാപകർ സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗ് വുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ. ദേശം, കഥാപാത്രനിര പനം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസ വിൽ ഒരു ദിവസം.

18. വായനാക്കുറിപ്പ്

ഓരോ പുസ്തകവായനയുടെയും കുറിച്ച് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിചേർക്കൽ നടത്തുന്നു.

19. വിദ്യാരംഗം കലാസാഹിത്യവേദി, പ്രവർത്തനം

വായന എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൽ എന്നിവ പരിചയപ്പെടുത്തുവാനവസരം- വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. ക്ലാസ്, സ്കൂൾ ബാലസഭകൾ

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ സൃഷ്ടികൾ പരിചയം, പ്രകാരം, അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

21. ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. ആകാശവാണി ക്ലബ്ബ്

കുട്ടികളുടെ സർഗ്ഗ വികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം

23. സാഹിത്യകാരന്മാരുമായി സംവാദം, അഭിമുഖം

സാഹിത്യവാസനച്ചപ്പെടുത്താൻ കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. വായനാസാമഗ്രികൾ വികസിപ്പിക്കൽ

UP കുട്ടികൾക്കായ് വായനാസാമഗികൾ ശേഖരിക്കൽ, കുട്ടിയും ക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ.

26. ഇ-വായന - സാധ്യത കണ്ടെത്തൽ

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനക്കൂട്ടത്തിന്റെയും എവുത്തുകൂട്ടതിന്റെയും നേതൃത്വത്തിൽ ബ്ലോാഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ കവിത എന്നിവ വീഡിയോ കാണൽ

27. വായനാക്കൂട്ടം, എഴുത്തുകൂട്ടം– മോണിറ്ററിംഗ്

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ, BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം.

28. കാവ്യകൂട്ടം

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ കവികൾ മുതലായവരെ സംഘടിപ്പിച്ച കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRCയുടെ സഹായത്തോടെ)

29. എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന സംഘചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാ പകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തല ക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തിക ളുടെ ആഗമനം സംവാദം, അഭിമുഖം.

32. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പ്രതിമ, പിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം

33. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദ നക്കുറിപ്പും തയ്യാറാക്കൽ പതിപ്പ് പ്രകാശനം.

34. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ.

35. വ്യക്തിഗതരചന, സംഘരചന

കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

36. ഭാഷാ പ്രോജക്റ്റുകൾ

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37. രചയിതാക്കളെ പരിചയപ്പെടൽ

അസംബ്ലിയിൽ ഒരു ഇനമാകം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം, രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി പ്രതിമാസം ജൂലൈ ബഷീർ, ആഗസ്റ്റ് എസ്.കെ.പൊറ്റക്കാട്

38. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ

BRC, IED Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കൽ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം.

39. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

## ENGLISH

### Preface

English language plays an essential role in our lives. It is the language of science aviation, computers, diplomacy and tourism English language has been the medium of education in all parts of the world. Today, English has become an integral part of our education system from literature to science and technology arts and sports.

The people of Kerala have a unique interest in learning the language and therefore English has its strong grip in the entire social fabric of Kerala. The language has its legacy in all walks of social and cultural life. Its influence is evident in education, politics, religion, trade and commerce, literacy, health and so on. the demand of the public for English compelled the authorities to introduce English from class I onwards in schools of Kerala. Proficiency in English remains a distant dream to most learners. So care should be taken to ensure that learners achieve the learning outcomes prescribed in the curriculum. It is necessary to take good strategies for teachign English effectively.

### Objectives

- To enable the learners to enhance language skills through various creative activitites.
- To enhance the comprehension level of the learners in English through performance based activities.

- To develop the four language skills ie. listening, speaking, reading and writiang.
- To develop interest in Literature
- To use English effectively for study purpose across the curriculum
- To be able to bring forth the CWSN students to the frontline.
- To be able to develop English language with the help of information technology.
- Develop positive attitudes towards learning English

**English Learning problems**

1. Lack of learners interest in learning English language lessons
2. Influence of mother tongue
3. Lack of English language lab
4. lack of real life situations in promoting English as a language for communication.
5. Lack of participation in English language oriented programmes.

**English**

| No. | Activity | Duration | Class | Objectives |
|---|---|---|---|---|
| 1 | Reading<br>• Provide Newspapers, small story books and magazines | 2 months<br>• One period per week | 5-10 | • Develop reading skills<br>• Read and understand a prose text<br>• Read aloud with proper stress and intenation |
| 2. | Speaking<br>• Self Introduction<br>• Extempore<br>• Conversation<br>• Speech | 3 months<br>• English club formation<br>• Give opportunities for public speaking in club activities | 5-10 | • Present a speech in public functions<br>• Develop confidence through performance based activities |

| | | | | |
|---|---|---|---|---|
| | | and school assembly | | • Express opinions and share feelings with others. |
| 3. | English speaking Day | Once in a week From July onwards | 5-10 | • Communicate effectively in simple English |
| 4. | Story writing verification<br>Essay writing. | 3 months Express their opinions and feelings with others | 5-10 | • Enhance creative and critical thinking |
| 5. | Listening<br>• News Readings<br>• Listen poems<br>• Using ICT<br>• Speeches of eminet personalities<br>• Biographies | 3 months<br>• Develop their comprehension level | 5-10 | • Listen and comprehend various literary forms like poems, speeches and biographies |
| 6 | Vocabulary Enrichment | 6 months<br>• Distribute Library books | 5-10 | • Enrich vocabulary by identifying the meanings of words from different contexts. |
| 7. | Language Elements | 8 months<br>June to February | 5-10 | • Identify language elements and use them in different situations |
| 8. | Discourses<br>• Letter<br>• narrative<br>• Conversation<br>• Character sketch<br>• Diary | 8 months<br>June to February | | • Construct discourses like narrative, conversation letter writing character sketch Diary etc. |
| 9. | Appreciation<br>Poetic Devices<br>Theme | 6 months | 8-10 | • read and appreciate poems |

| | | | | |
|---|---|---|---|---|
| | Author | | | • Identify and understand poetic devices like images, simile, alliteration assonance, rhyming words etc. |
| 10. | Other activities<br>• Prepare classmagazines<br>• Conducting Debates<br>• Role-play<br>• Assignments | 10 months<br>June to March | 8-10 | • enhance creative and critical thinking<br>• gain confidence and motivation to achieve success |
| 11 | English club<br>• Various competitions<br>• Language games<br>• Puzzles<br>• Quiz competition | July to January | 5-10 | • Develop confidence through performance based activities<br>• Communicate effectively in simple English<br>• Enhance creative  and critical thinking. |

# ഹിന്ദി

**ആമുഖം**

രാഷ്ട്രഭാഷ ഹിന്ദിയിൽ പ്രാവീണ്യം നേടുന്നതിനും ഭാഷാ സ്നേഹം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കേരള സർക്കാർ 5-ാം ക്ലാസ് മുതൽ ഹിന്ദി ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ ഹിന്ദി ഭാ അനായാസം സംസാരിക്കുക അനിവാര്യമാണ്. ഇവിടെ വിവിധ മേഖലകളിൽ സേവനത്തിനായി എത്തിയിരിക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളോട് ദൈനംദിന കാര്യങ്ങൾ ചോദിച്ചറിയുന്നതിനും മനസ്സിലാക്കുന്നതിനും ഹിന്ദി ഭാഷാ ജ്ഞാനം അത്യാവശ്യമാണ്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഹിന്ദി യു.പി.

**ഭാഷാവികാസം**

**ലക്ഷ്യങ്ങൾ**

1. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
2. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും, സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.
4. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
5. സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ
6. ഭാഷാശേശി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. ലാംഗ്വേജസ് ലാബ്

| No. | Activity | Duration | Duration | | Objectives |
|---|---|---|---|---|---|
| 1. | യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ | June to August | അക്ഷര ചാർട്ട് പാഠപുസ്തകം | • BRC<br>• DIET<br>• SCERT(ആവശ്യമെങ്കിൽ)<br>• Resource Teachers |

| | | | | | |
|---|---|---|---|---|---|
| | | നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം.<br>• (എച്ച്.എസ്.വി ഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീടെസ്റ്റ് നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | | | |
| 2 | വീട് ഒരു പരീക്ഷണശാല(കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ഐ.സി.റ്റി.സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>• CWSN കുട്ടികളുടെ പങ്കാളിത്തം. | September to October | ഹിന്ദി നിഘണ്ടു | PTA, BRC Resource Teacher |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരിലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാ | November to February | പുസ്തകങ്ങൾ | BRC DIET PTA SCERT |

| | | | | | |
|---|---|---|---|---|---|
| | | ക്കൽ<br>• ചിത്രം - അടി ക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• വായനമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തന ങ്ങൾ | | | |

# ഹിന്ദി എച്ച്.എസ്.

| | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1 | News Reading | 1 വർഷത്തിൽ 1 പീരിയ ഡിൽ 10 മിനിറ്റ് ന്യൂസ് വായിച്ച് കേൾക്കാൻ അവ സരം കൊടുക്കുന്നു. | 5–16 | കുട്ടികൾക്ക് ഭാഷ കേൾക്കാനുള്ള സൗകര്യം ലഭിക്കുന്നു. |
| 2 | Public speaking | 1 വർഷം ഐ ക്ലബ്ബിൽ കുട്ടികൾക്ക് സംസാരി ക്കാൻ അവസരം ലഭിക്കു ന്നു. Introduction, stories telling, poems etc. | | ഹിന്ദി സംസാരിക്കാ നുള്ള അവസരം ലഭി ക്കുന്നു. ഇതിലൂടെ കുട്ടികൾക്ക് ഭാഷയോട് ആഭുമുഖ്യം ഉണ്ടാവു ന്നു. |
| 3. | Hindi Day Celebration Sept. 14th | Sept. 14th കുട്ടികൾക്ക് സ്വതന്ത്രമായ ആശയങ്ങൾ പ്രകടിപ്പി ക്കാൻ അവസരം നൽകു ന്നു. | 5–10 | ഹിന്ദി അനായാസം കൈകാര്യം ചെയ്യാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു. |
| | | Writing competitions, Poems, Essay writing etc. | | |
| 4. | Copy writing | June -March | 5–8 | അക്ഷരങ്ങൾ, ചിഹ്ന ങ്ങൾ ഉറക്കുക, കൈയ്യ ക്ഷരം മെച്ചപ്പെടുത്തുക ഇവ സാധിക്കുന്നു. |
| 5. | Vocabularty Enrichment | 8 Months Hindi Library books കുട്ടികൾക്ക് നൽകുന്നു. ഡിക്ഷണറി കുട്ടികൾ | 5–9 | ഭാഷാ നൈപുണ്യം വർദ്ധിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | സ്വയം തയ്യാറാക്കുന്നു. | | |
| 6. | HindiQuiz competition | Im.portant Authors, their works, Vocabulary, Language game etc. | 5-9 | ഹിന്ദിയിൽ പ്രാവീണ്യം കൈവരിക്കുക. ഭാഷ അനായാസം കൈകാര്യം ചെയ്യുക |

# സംസ്കൃതം

**ആമുഖം**

സംസ്കൃത പഠനത്തിന് എല്ലാ കുട്ടികളെയും താല്പര്യമുള്ളവരാക്കുന്ന വിധത്തിൽ അവരുടെ രീതി മാറ്റി ആസ്വാദനക്ഷമത വരുത്തി സംസ്കൃതഭാഷ സരളവും ലളിതവും സുന്ദരവുമാണെന്ന് തിരിച്ചറിയണം. പ്രശ്നങ്ങൾ കണ്ടെത്തുവാനും അവ പരിഹരിക്കുവാനും സഹായകമാവണം. ക്ലാസ്സിലെ ഓരോ കുട്ടിക്കും സംസ്കൃതം തനിക്ക് പഠിക്കുവാൻ കഴിയും എന്ന തിരിച്ചറിവുണ്ടാകണം.

| | പ്രോഗ്രാം | പ്രവർത്തനം | കാല ദൈർഘ്യം | ഭൗതികം | ലക്ഷ്യം | പിന്തുണ |
|---|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ്സിൽ സംഭാഷണം സംഘടിപ്പിക്കുക. സുഭാഷിതം, ഗാനാലാപനപരിശീലനം, ആലാപന താത്പര്യം ജനിപ്പിക്കുക | ആഴ്ചയിൽ 4 ദിവസം | പുസ്തകങ്ങൾ | സംസ്കൃതത്തിൽ സംസാരിക്കുക | സംസ്കൃത അധ്യാപകൻ |
| 2 | മികച്ച എഴുത്തുകാരനാക്കുക | പാഠഭാഗത്തിലെ സുഭാഷിതങ്ങൾ, ബാലഗീതങ്ങൾ പഠിപ്പിക്കുക | ആഴ്ചയിൽ 1 ദിസം | സി.ഡി./ പെൻഡ്രൈവ് | ആലാപന നൈപുണ്യം വർദ്ധിപ്പിക്കൽ | SCERT |
| 3 | | വ്യാകരണം, സിദ്ധരൂപോച്ചാരണം, പാട്ടിലൂടെയും കഥയിലൂടെയും കളിയിലൂടെയും വ്യാകരണം | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | കുട്ടികളിൽ ഉറപ്പിക്കുക. | | | | |
| 4 | | ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | നിരന്തര പ്രവർത്ത നം പാഠഭാ ഗങ്ങ ളിൽ നിന്ന് | | വ്യാകരണ ശുദ്ധി യോടെ ഭാഷാപഠനം | |
| 5. | | ഭാഷാന്തരിക രണം പാഠഭാ ഗങ്ങളുടെയും സാമാന്യ ചല ച്ചിത്രഗാനങ്ങ ളുടെയും ഭാഷാനുവാദ ങ്ഹൾ കേൾപ്പിച്ച് പഠിപ്പിക്കുന്നു. | ,, | | അനുവാദ നൈപുണ്യം നേടൽ Translation capacity | |
| 6. | | ദിനാചരണ ങ്ങൾ സംസ്കൃത ത്തിന്റെ വിവിധ മേഖല കൾ ഉൾപ്പെടു ത്തിക്കൊണ്ട് വൈവിധ്യരീ തിയിലുള്ള മാർഗ്ഗങ്ങൾ നടത്തുക. സരളമായ ഭാഷാ പഠനം വ്യാകരണത്തി ലൂടെ. സംസ്കൃതശി ല്പശാല. | ഏകദി നാ ത്മകം | | സംസ്കൃത മേഖലകളി ലൂടെ ഉന്നത ങ്ങളിൽ എത്തുക. | |

# ഗണിതം

അളവുകളിലൂടെയും പരസ്പരബന്ധങ്ങളിലൂടെയും ലോകത്തെ മനസ്സിലാക്കുകയും ആ അറിവുമായി ലോകത്തിൽ ഇടപെട്ടുകൊണ്ട് മാറ്റങ്ങളുണ്ടാക്കുകയും ചെയ്യുക എന്നതാണ് ഗണിതശാസ്ത്രത്തിന്റെ പ്രാഥമിക ധർമം. ഗണിത ശാസ്ത്രത്തിന്റെ വളർച്ചയുടെ ഒരു ഘട്ടത്തിൽ അളവുകൾ സമവാക്യങ്ങളുടെയും, അളവുകൾ തമ്മിലുള്ള ബന്ധങ്ങൾ ബീജസമവാക്യങ്ങളുടെയും തലത്തിലേയ്ക്ക് വളരുന്നു. ഇങ്ങനെ ഭൗതീകയാഥാർത്ഥ്യങ്ങളുടെയും അമൂർത്തമായ ആശയങ്ങളുടെയും ദ്വന്ദാത്മകതയിലൂടെയാണ് ഗണിതം വികസിക്കുന്നത്. ഭൗതീക പ്രശ്നങ്ങൾ അമൂർത്ത ആശയങ്ങളിലേയ്ക്ക് നയിക്കുന്നതിന്റെയും കേവലമായ യുക്തിയിൽ മാത്രം ഊന്നുന്ന ആശയങ്ങൾ ഭൗതീകപ്രശ്നങ്ങൾക്ക് പരിഹാരമായി മാറുന്നതിന്റെയും അനേകം ഉദാഹരണങ്ങൾ ഗണിത ചരിത്രത്തിലുണ്ട്. അതുകൊണ്ടുതന്നെ തത്വത്തിന്റെയും പ്രയോഗത്തിന്റെ പ്രതിപ്രവർത്തനങ്ങളിൽ ഊന്നിയാകണം ഗണിത ബോധനവും പഠനവും പ്രായോഗിക പ്രശ്നങ്ങൾ മാത്രം പരിഗണിക്കുന്ന ശുഷ്കമായ പ്രയോജനവാദമായോ, കേവലയുക്തിയിൽമാത്രം അഭിരമിക്കുന്ന ഭൂസ്പർശമില്ലാത്ത ആശയവാദമായോ ചുരുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്രപഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല. ഗണിതശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുന്നു. മറ്റു വിഷയങ്ങളുടെ പഠനത്തിൽ ഗണിതശാസ്ത്രം അവിഭാജ്യഘടകമായി മാറുകയും ചെയ്യുന്നുണ്ട്.

## ലക്ഷ്യങ്ങൾ

- ദൈനംദിനജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം.
- മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിതശേഷികൾ നേടുന്നതിന് സഹായകമാകണം.
- കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകണം.
- പ്രശ്ന പരിഹരണത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടികൾക്ക് കഴിവു നൽകുന്നതാകണം.

- ഗവേഷണപ്രവർത്തനങ്ങൾക്ക് താത്പര്യമുണ്ടാക്കാൻ കുട്ടിയെസഹായിക്കുന്നതാകണം.
- ഗണിതം ആസ്വദിക്കാൻ കഴിയുന്നതലത്തിലേയ്ക്ക് കുട്ടിയെ വളർത്താൻ കഴിയുന്നതാകണം.
- അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും കഴിയണം.
- സർഗാത്മക ചിന്ത വളർത്താൻ സഹായകരമാകണം.
- ഗണിതപഠനത്തിൽ ഐ.സി.ടി.സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നതാകണം.
- വസ്തുതകളെ വിശകലനം ചെയ്ത് പൊതു തത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടണം.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

- ഗണിതം ബുദ്ധിമുട്ടുള്ള വിഷയമാണെന്നുള്ള പൊതുവായ ധാരണ.
- പ്രശ്നങ്ങളെ വസ്തുതാപരമായി വിശകലനം ചെയ്യാൻ കുട്ടികൾ ശ്രമിക്കാറില്ല.
- ഗണിതത്തിലെ പ്രശ്നങ്ങളും സിദ്ധാന്തങ്ങളും കൂടുതൽ ബൗദ്ധികമായതിനാൽ ഉൾക്കൊള്ളാനുള്ള ബുദ്ധിമുട്ട്.
- ഐ.സി.റ്റി.സാധ്യതകൾ കൃത്യമായി ഉപയോഗിക്കാൻതക്കവിധം എല്ലാ ക്ലാസ് മുറികളും സജ്ജമാക്കപ്പെട്ടിട്ടില്ല.

**മേഖല അക്കാദമികം**

**ഉപമേഖല – ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതത്തെ കൂടുതൽ ലളിതവും ആസ്വാദ്യകരവുമാക്കിത്തീർക്കുക. | ഗണിതത്തോട് ഇഴുകിച്ചേരാൻ മുത്തുകൾ, സ്മൈലി ബോളുകൾ, ബഹുവർണ ടോക്കണുകൾ, ചിത്രകാർഡുകൾ, സങ്കലന വ്യാഖ്യാനകാർഡുകൾ, ഗെയിംബോർഡുകൾ, ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>* സ്ഥാനവില പോക്കറ്റ് നിർമ്മാണം, ജ്യാമിതീയ രൂപങ്ങൾ, പട്ടികപ്പെടുത്തൽ(നിത്യോപയോഗസാധനങ്ങൾ ഉപയോഗിച്ച്) കേക്ക്, പപ്പടം, ലഡു മുതലായ നല്കി തുല്യമായി പങ്കുവെക്കൽ | ജൂൺ – ജൂലൈ | ഗണിതാധ്യാപകർ, രക്ഷിതാക്കൾ |
| പിന്നോക്കാവസ്ഥ തചിരിച്ചറിയുകയും,. പരിഹരിക്കുകയും ചെയ്യുക | • ക്ലാസ് ടെസ്റ്റുകളിലൂടെ പിന്നോക്കം നില്ക്കുന്നവരെ തിരിച്ചറിയുന്നു.<br>• സംഖ്യാകാർഡുകൾ, ആവർത്തന വായന, എഴുത്ത്, അബാക്കസ്, ചിത്രസഹായത്തോടെയുള്ള പഠനം മുതലായവയിലൂടെ കുറവുകൾ നികത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>• ഐ.സി.റ്റി.സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുക | • പേപ്പർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി | ജൂൺ– | ഗണിത |

| | | | |
|---|---|---|---|
| | സങ്കലനം<br>• കുട്ടികളെ പല ഗ്രൂപ്പുകളായി തിരിച്ച് കല്ല്, ഈർക്കിലി, വളപ്പൊട്ട്, മഞ്ചാടി മുതലായവ ഉപയോഗിച്ച് പത്തിന്റെ കൂട്ടങ്ങളാക്കൽ, സങ്കലനം, വ്യവകലനം എന്നിവ പരി ശീലിപ്പിക്കുന്നു.<br>• കല്ല് , മുത്ത് മിഠായികൾ, മഞ്ചാടി മുതലായവ ഉപയോ ഗിച്ച്, രണ്ടിന്റെ കൂട്ടങ്ങൾ, മൂന്നിന്റെ കൂട്ടങ്ങൾ. ഒൻപ തിന്റെ കൂട്ടങ്ങളാക്കി ഗുണനം ഉറപ്പിക്കുന്നു.<br>• വിവിധ വസ്തുക്കളുടെ കൂട്ടങ്ങളെ തുല്യഭാഗങ്ങളാ ക്കുന്ന പ്രവർത്തനങ്ങളിലൂടെ ഹരണക്രിയ ഉറപ്പിക്കു ന്നു.<br>• രണ്ടക്ക, മൂന്നക്ക സംഖ്യകൾ ഉൾപ്പെടുന്ന ചതുഷ്ക്രിയ കൾ വരുന്ന ഗെയിമുകൾ നല്കുന്നു. | മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ |
| രക്ഷിതാക്കളുടെ പിന്തുണ ഗണിതപഠന ത്തിൽ ഉറപ്പുവരുത്തുന്നു. | • ഗണിതമൂല വീടുകളിൽ മാതാപിതാക്കളുടെ പങ്കാളി ത്തത്തോടെ സജ്ജീകരിക്കുന്നു.<br>• ക്ലാസ്സിൽ നിന്ന് നല്കുന്ന തുടർപ്രവർത്തനങ്ങൾ വീടു കളിൽ പൂർത്തിയാക്കുന്നു. | ജൂൺ–<br>മാർച്ച് | മാതാപിതാ ക്കൾ, അധ്യാ പകർ |
| ഐ.സി.റ്റി.സാധ്യതകൾ പരമാവധി ഉപ യോഗിച്ച് ഗണിത പഠനം രസകരമാ | • ജിയോജിബ്ര ഉപയോഗിച്ച് വിവിധ ജ്യാമിതീയ രൂപങ്ങ ളെക്കുറിച്ചുള്ള ധാരണകുട്ടികളിൽ ഉറപ്പിക്കുന്നു. | ജൂൺ–<br>മാർച്ച് | ഗണിത<br>അധ്യാപകർ |

| | | | |
|---|---|---|---|
| ക്കുക | • ദ്വിമാന, ത്രിമാന ചിത്രങ്ങളിലൂടെ പരപ്പളവ്, ഉള്ളളവ്, ഉപരിതല പരപ്പളവ് എന്നീ ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു.<br>• ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന ഗണിതകേളികൾ നല്കുന്നു.<br>• ഭിന്ന സംഖ്യകളുടെ ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന ഗണിതകേളികൾ നല്കുന്നു.<br>• ഭിന്ന സംഖ്യകളുടെ ചതുഷ്ക്രിയകൾ, വീഡിയോയി ലൂടെ ലളിതമായി അവതരിപ്പിക്കുന്നു. | | |
| ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കുന്നതിനുള്ള ഗണിത വിജയം, ഉല്ലാസഗണിതം എന്നിവ നടപ്പാക്കുക. | • സംഖ്യാചാർട്ടുകൾ, ഡൈസ്, സംഖ്യാസ്ലിപ്പുകൾ, സംഖ്യാകേളി, സംഖ്യാമാല, പദസൂര്യൻ ഇവയുടെ നിർമ്മാണം.<br>• സംഖ്യാകാർഡുകൾ ആവർത്തന വായന, എഴുത്ത്, അബാക്കസ്, ചിത്രസഹായത്തോടെയുള്ള പഠനം. ബി.ആർ.സി.യുമായി സഹകരിച്ചുള്ള പ്രവർത്തനം | നിശ്ചിത സമയം | |
| നിത്യജീവിതത്തിൽ ഗണിതപഠനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. | • അടുക്കളത്തോട്ടം, പൂന്തോട്ടം എന്നിവ നിർമ്മിച്ച് ചുറ്റളവ്, പരപ്പളവ്, രൂപങ്ങൾ എന്നീ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു.<br>• ഭവന നിർമ്മാണം, കെട്ടിങ്ങളുടെ നിർമ്മാണം എന്നിവ | ജൂൺ-മാർച്ച് | രക്ഷിതാക്കൾ, ഗണിത അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | യിൽ ശ്രദ്ധിക്കേണ്ട ഗണിത ആശയങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു.<br>• കൊടുക്കൽ വാങ്ങലുകളിലെ ലാഭം,നഷ്ടം, ശതമാനം,. പലിശ, പലിശനിരക്ക്, ഡിസ്കൗണ്ട് റീബേറ്റ് മുതലായവ എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ (ഗണിതനാടകങ്ങൾ, കുട്ടിക്കട മുതലായവ) | | |
| ജ്യാമിതീയ രൂപങ്ങ്ഹൾ തിരിച്ചറിയേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. | • അനുദിനജീവിതസാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങളിൽ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.<br>• നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്ന ജ്യാമിതീയ രൂപങ്ങൾ മനസ്സിലാക്കുന്നു. വിവിധ ജ്യാമിതീയ രൂപങ്ങളായി തിരിച്ച് പുരയിടങ്ങളുടെ പരപ്പളവ്, ചുറ്റളവ് എന്നിവ കാണുന്ന പ്രവർത്തനം. | | |
| അനുപാതം, അംശബന്ധം ഇവയുടെ പ്രാധാന്യം തിരിച്ചറിയുക. | • ആഹാരസാധനങ്ങൾ പാകം ചെയ്യുമ്പോൾ വിവിധ ഘടകങ്ങൾ നിശ്ചിത അനുപാതത്തിൽ ചേർക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു.<br>• നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്ന അംശബന്ധം, അനുപാതം ഇവ തിരിച്ചറിയുന്ന പ്രവർത്തനം | | രക്ഷിതാക്കൾ<br>അധ്യാപകർ |

# ശാസ്ത്രം

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര-സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിനും ജീവിത സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കേണ്ടതുണ്ട്. ശാസ്ത്ര സാങ്കേതിക വികാസങ്ങൾക്കനുസരിച്ച് അറിവും ശേഷികളും മെച്ചപ്പെടുത്താനുള്ള മികവ് വിദ്യാർത്ഥികൾ കൈവരിക്കേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ താൽപര്യങ്ങൾ കണക്കിലെടുത്ത് ശാസ്ത്ര-സാങ്കേതികരംഗത്തെ മാറ്റങ്ങളോട് നിലപാടുകൾ സ്വീകരിക്കാനും കഴിയണം. കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കണം, പരിഹാരങ്ങളും നിർദ്ദേശിക്കണം. ഇതിന് യുക്തിചിന്ത വളർത്താൻ ഉതകുന്ന വിദ്യാഭ്യാസമാണ് ലഭ്യമാക്കേണ്ടത്. ശാസ്ത്രീയമായ ജീവിതവീക്ഷണത്തിന്റെ അർത്ഥതലങ്ങൾ വിദ്യാഭ്യാസത്തിലൂടെ സ്വാംശീകരിക്കാൻ കഴിയണം. അശാസ്ത്രീയതകൾക്കെതിരായ നിലപാടുകൾ സ്വീകരിക്കാനുള്ള മനോഭാവം ലഭിക്കുകയും വേണം

## ലക്ഷ്യങ്ങൾ

1. ഗവേഷണമുൾപ്പെടെയുള്ള ശാസ്ത്രപ്രവർത്തനമേഖലകളിൽ ഉദ്ഗ്രഥിത സമീപനത്തിന്റെ പ്രസക്തി കൂടുതൽ അംഗീകരിക്കപ്പെടുന്നുവെന്ന യാഥാർത്ഥ്യം ശാസ്ത്രവിദ്യാഭ്യാസം ഉൾക്കൊള്ളണം.

2. നാടിനുചേർന്ന സാങ്കേതികവിദ്യകൾ വിസിപ്പിച്ചെടുക്കണം.

3. ശാസ്ത്രപഠനം ലബോറട്ടറി ബന്ധിതവും പരിസ്ഥിതി ബന്ധിതവുമാക്കണം.

4. 5 മുതൽ 10 വരെ ക്ലാസുകളിൽ ശാസ്ത്രത്തിൽസവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽഎത്തിക്കുക.

5. ശാസ്ത്രപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്കെത്തിക്കുക.

6. തൊഴിൽ മേഖലകളിലെ നവീന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധം ശാസ്ത്രപഠനം ക്രമീകരിക്കുക.

7. ശാസ്ത്രക്രിയ പ്രപഞ്ചവീക്ഷണം, ശാസ്ത്രാന്വേഷണരീതി, പരിസ്ഥിതിബോധം, സുസ്ഥിരവികസന സങ്കല്പം, മൂല്യബോധം ഇവ സമൂഹത്തിന്റെ അവി

ഭാജ്യ ഘടകമാകത്തക്കവിധമുള്ള ശാസ്ത്രവിദ്യാഭ്യാസം കുട്ടികൾ കൈവരിക്കണം.

8. ശാസ്ത്രപഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

## ശാസ്ത്രപഠനം – പ്രശ്നങ്ങൾ

1. ശാസ്ത്രവിദ്യാഭ്യാസം ജീവിതബന്ധിയാക്കുന്നില്ല.
2. പരിചയപ്പെടുന്ന തത്വങ്ങളോ ആശയങ്ങളോ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്താനോ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താനോ കഴിയുന്നില്ല.
3. ക്രോഡീകരിക്കപ്പെട്ട അറിവിന്റെ വിതരണമാണ് ശാസ്ത്രവിദ്യാഭ്യാസത്തിൽ നൽകേണ്ടത് എന്ന ധാരണ ഇപ്പോഴും നിലനിൽക്കുന്നു.
4. പാഠപുസ്തകങ്ങളും പഠനബോധന പ്രവർത്തനങ്ങളുമെല്ലാം പരീക്ഷയെ കേന്ദ്രീകരിച്ച് മാത്രമാണ് നടക്കുന്നത്.
5. അറിവിന്റെ ഉല്പാദനം വേണ്ടത്ര തോതിൽ പരിഗണിക്കപ്പെടുന്നില്ല.
6. ശാസ്ത്രപഠനം കുട്ടികൾക്ക് രസകരമായ ഒരു വെല്ലുവിളിയായി തോന്നുന്നില്ല. അതുകൊണ്ട് തന്നെ ശാസ്ത്രപഠനക്ലാസുകൾ കുട്ടിക്ക് ആകർഷകമായി തോന്നുന്നില്ല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) കുട്ടികളിൽ ശാസ്ത്രാവബോധം വളർന്നു വകസിക്കുകയും അത് നിത്യ ജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. | ശാസ്ത്രവുമായി ബന്ധപ്പെട്ട് നടക്കുന്ന പുതിയ കണ്ടുപിടുത്തങ്ങൾ കുട്ടികളുടെ മുന്നിൽഅവതരിപ്പിക്കുക. ഓരോ ദിവസവും വിവിധ ലോകരാജ്യങ്ങളിൽ നടക്കുന്ന ശാസ്ത്രീയ കണ്ടെത്തലുകളെക്കുറിച്ച് വിവരം ശേഖരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. പുതിയ കണ്ടുപിടുത്തങ്ങളെക്കുറിച്ചുള്ള ബുക്ക്ലെറ്റ് തയ്യാറാക്കൽ. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുക. ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ-മാർച്ച് | സയൻസ് അധ്യാപകർ |
| 2. നിരീക്ഷണ പരീക്ഷണങ്ങൾ, ദത്തശേഖരണം, ദത്ത വ്യാഖ്യാനം, വിശകലനം, നിഗമനത്തിലെത്തൽ,. പരിശോധനകൾ തുടങ്ങിയുള്ള ശാസ്ത്രത്തിന്റെ പ്രവർത്തന രീതി കുട്ടികൾ സ്വായത്തമാക്കുകയും അറിവ് ഉൽപ്പാദിപ്പിക്കാനുള്ള കഴിവ് നേടുകയും ചെയ്യുന്നു. | സയൻസ് വർക്കിംഗ് മോഡലുകൾ സയൻസ് സ്റ്റിൽ മോഡലുകൾ ഇവയുടെ നിർമ്മാണത്തിൽ പരിശീലനം നൽകൽ.<br>പ്രോജക്ടുകൾ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകൽ<br>ലഘുപരീക്ഷണങ്ങളിലൂടെ പുതിയ കണ്ടെത്തലുകൾ നടത്താൻ അവസരം നൽകൽ | ജൂലൈ | സയൻസ് അധ്യാപകർ |
| | സയൻസ് ലാബിലെ ഐറ്റംസ് ലിസ്റ്റ് ചെയ്യാൻ അവസരം നൽകൽ.<br>പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ പരീക്ഷണങ്ങളും സയൻസ് ലാബിൽ കുട്ടികൾക്ക് ചെയ്തു നോക്കാൻ അവസരം നൽകുക. | യൂണിറ്റനുസൃതം | സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| 3) ദൈനംദിന ജീവിതപ്രശ്നങ്ങളെയും സാമൂഹിക പ്രശ്നങ്ങളെയും ശാസ്ത്രീയമായി വിശകലനം ചെയ്യാനും അവയ്ക്ക് യുക്തിഭദ്രമായ പരിഹാരം കാണാനും കഴിയുന്നു. | ലഘു വൈദ്യുത സർക്കീട്ടുകൾ വിശകലനം ചെയ്യാനും കേടുപാടുകൾ പരിഹരിക്കാനും ഉള്ള പരിശീലനം നൽകൽ.<br>എൽ.ഇ.ഡി.ബൾബുകളുടെ നിർമ്മാണം കേടുപാടുകൾ പരിഹരിക്കൽ ഇവയിൽ പരിശീലനം നൽകുക.<br>ഫസ്റ്റ് എയ്ഡുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരിശീലനം നൽകൽ പകർച്ചവ്യാധികളെ എങ്ങനെ തടയാം. അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ ഇവയിൽ പരിശീലനം നൽകൽ. | യൂണിറ്റിനു സൃതം | സയൻസ് അധ്യാപകർ |
| 4.പരിസ്ഥിതി പ്രശ്നങ്ങളോട് ക്രിയാത്മകമായി ഇടപെടാൻ കഴിയുന്നു. | ഇക്കാലത്ത് നമ്മുടെ കേരളവും ലോകവും നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുക. വൃക്ഷത്തൈ നടീലിന്റെ പ്രാധാന്യത്തെക്കുറിച്ചും പരിസ്ഥിതി സൗഹാർദ്ദപരമായ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും ലോകകാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക.<br>ഹെർബേറിയം തയ്യാറാക്കൽ ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം.<br>ഔഷധത്തോട്ട നിർമ്മാണം പച്ചക്കറിത്തോട്ട നിർമ്മാണം<br>ശലഭോദ്യാനനിർമ്മാണം. | ജൂൺ | സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| 5. ശാസ്ത്രാശയങ്ങൾ ഉചിതമായ രീതിയിൽ വിനിമയം ചെയ്യൽ | കുട്ടികൾക്ക് അസൈൻമെന്റുകൾ ചെയ്യാനും സെമിനാറുകൾ നടത്താനും അവസരം നൽകൽ.<br>പോസ്റ്റർ നിർമ്മാണം.<br>ശാസ്ത്രമാഗസിൻ തയ്യാറാക്കൽ<br>സയൻസ് ബുള്ളറ്റിൻ ബോർഡ് | യൂണിറ്റനുസൃതം | സയൻസ് അധ്യാപകർ |
| 6. ഊർജ്ജ സംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക. | സെമിനാറുകൾ,സംവാദങ്ങൾ, ബോധവൽക്കരണ ക്ലാസുകൽ | | |
| 7. ശാസ്ത്ര പുരോഗതിക്കായും സാമൂഹിക നന്മക്കായും കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കൽ | മൈക്രോ ലാബ് നിർമ്മാണം,സയൻസ് കോർണർ, ആനുകാലിക കണ്ടെത്തലുകളുടെ വീഡിയോ പ്രദർശനം, പാഠപുസ്തകത്തിന് പുറത്ത് നിന്നുള്ള പരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുക. | യൂണിറ്റനുസൃതം<br>ജൂൺ–ഡിസംബർ | സയൻസ് അധ്യാപകർ |
| 8.ശാസ്ത്രപഠനത്തിൽ പിന്നിലുള്ള കുട്ടികളെ മുൻനിരയിലെത്തിക്കൽ | പീർ ഗ്രൂപ്പ് ടീച്ചിംഗ്, റമഡിയൽ ടീച്ചിംഗ്, ഐ.സി.റ്റി.സാധ്യതകൾ ഉപയോഗപ്പെടുത്തി ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ സംഘടിപ്പിക്കൽ ക്ലാസ് തലത്തിൽ സയൻസ് ക്വിസ് നടത്തി സമ്മാനങ്ങൾ നൽകുക. | ജൂൺ–ഫെബ്രുവരി | സയൻസ് അധ്യാപകർ |
| 9.സയൻസ് സ്മാർട്ട് ലൈബ്രറി രൂപീകരണം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോക്ലിപ്പുകളുടെ ശേഖരം ഉണ്ടാക്കുക. യു.പി, എച്ച്.എസ്. വിഭാഗങ്ങൾ തരംതിരിച്ച് കുട്ടികളിലേക്ക് എത്തിച്ച് കൂടുതൽ പഠനനേട്ടങ്ങൾ കൈവരിക്കുക. | ജൂൺ–മാർച്ച് | സയൻസ് അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൻസയൻസ്

## ആമുഖം

സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇതിൽ പ്രതിപാദിക്കുന്നത്. ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം തുടങ്ങിയ വിഷയങ്ങൾ പല വെല്ലുവിളികലും നേരിടുന്ന ഈ കാലഘട്ടത്തിൽ അവ കണ്ടെത്തി അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും ഈ വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി സാമൂഹിക-സാമ്പത്തിക -പരിസരപഠന മേഖലയെ എങ്ങനെ ഉയർത്തിക്കൊണ്ട് വരാം എന്നതിനെക്കുറിച്ച് വരുന്ന 5 വർഷത്തേയ്ക്ക് തയ്യാറാക്കിയിട്ടുള്ള കരിക്കുലവുമായി ബന്ധപ്പെട്ട പദ്ധതികളാണന് ഇതിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

## പ്രധാന ലക്ഷ്യങ്ങൾ

- സാമൂഹിക-ശാസ്ത്രവിശഷയം കൂടുതൽ സമഗ്രമായും ശാസ്ത്രീയമായും പഠിക്കുക.
- സാമൂഹിക ചിന്ത, അവബോധം, ശേഷി, അന്വേണത്വര എന്നിവ കുട്ടികളിൽ വളർത്തുക.
- കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ പഠനനേട്ടങ്ങളും കുട്ടികളിൽ എത്തിക്കുക.
- സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ആധുനിക പഠനരീതികലസുടെ സാധ്യത കണ്ടെത്തൽ.
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ.
- ചരിത്രസ്മാരകങ്ങൾ,ശേഷിപ്പുകൾ തുടങ്ങിയ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത
- ചരിത്രപഠനത്തിന് ആധുനിക ജീവിതത്തിലുള്ള പങ്ക് കുട്ടികളെ ബോധ്യപ്പെടുത്തുക.

**മേഖല അക്കാദമികം**
**ഉപമേഖല – സോഷ്യൽ സയൻസ്**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്ര അറിവുകളെ അപഗ്രഥിക്കൽ | • പ്രധാന വാർത്തകൾ<br>• ചരിത്രപ്രാധാന്യമുള്ള ദിനങ്ങൾ<br>• ബുള്ളറ്റിൻ സ്ഥാപിച്ച് അതിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ – മാർച്ച് | സോഷ്യൽ സയൻസ് ക്ലബ് അംഗങ്ങൾ |
| 2. | ഇന്ത്യയിലെ സംസ്ഥാനങ്ഹളെ പരിചയപ്പെടുത്തൽ | • ഓരോ സംസ്ഥാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഭൂപടം വരച്ച് അതിൽ പിൻചെയ്തു വയ്ക്കുന്നു.<br>• ഇന്ത്യയുടെ ഒട്ട്ലൈൻ മാപ് വരച്ച് സംസ്ഥാനങ്ങൾ അടയാളപ്പെടുത്താൻ | ജൂൺ– മാർച്ച്<br>യൂണിറ്റിനോട് അനുബന്ധമായി | അധ്യാപകർ കുട്ടികൾ |
| 3. | കേരളത്തിലെ ജില്ലകളശെ പരിചയപ്പെടുത്തൽ | • കേരളത്തിൻരെ ഔട്ട്ലൈൻ മാപ് വരച്ച്ജില്ലകൾ അടയാളപ്പെടുത്തൽ<br>• ഓരോ ജില്ലകളേയും കുറിച്ചുള്ള വിവരശേഖരണം<br>• കേരളത്തിന്റെ ഭൂപടത്തിൽ കുട്ടികളുടെ ജില്ലയും പ്രദേശവും അടയാളപ്പെടുത്തുന്നു. | യൂണിറ്റിനോട് അനുബന്ധമായി | അധ്യാപകർ കുട്ടികൾ |
| 4. | സാമൂഹ്യശാസ്ത്രത്തോടുള്ള ആഭിമുഖ്യം വളർത്തൽ | • വാർത്തകൾ വ്യക്തിപരമായി കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കൽ<br>• ആൽബം തയ്യാറാക്കൽ | വർഷ്തതിൽഒരു പ്രാവശ്യം | കുട്ടികൾ |
| 5. | ജി.കെ.വർദ്ധിപ്പിക്കൽ | • സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. | എല്ലാ ആഴ്ചകളിലും | അധ്യാപകൻ |
| 6. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ പരിചയപ്പെടുത്തൽ | • സാമൂഹ്യശാസ്ത്രലാബ് നിർമ്മാണം | 1 വർഷം | അധ്യാപകർ കുട്ടികൾ |

| | | | | |
|---|---|---|---|---|
| | | | | പി.റ്റി.എ |
| 7. | സാമൂഹ്യപരിഷ്കർത്താക്കളെ ക്കുറിച്ചുള്ള അറിവ് നേടുക. അവരോടുള്ള ആദരവ് കുട്ടികളിൽ വളർത്തുക. | • സാമൂഹ്യപരിഷ്കർത്താക്കളുടെ ചിത്രങ്ങൾ വരയ്ക്കൽ<br>• മോഡൽ നിർമ്മാണം<br>• ചിത്രപ്രദർശനം<br>• ജീവചരിത്ര വായന<br>• കുറിപ്പ് തയ്യാറാക്കൽ<br>• മഹത് വചനങ്ങളുടെ ശേഖരണം | ജൂൺ - മാർച്ച് | അധ്യാപകർ<br>കുട്ടികൾ<br>പി.റ്റി.എ |
| 8. | ചുറ്റുപാടുകളെക്കുറിച്ചുള്ള അറിവ് നേടൽ | • പ്രാദേശിക ചിത്രരചന<br>• ഗ്രൂപ്പുകളായി തിരിച്ച് വിവരങ്ങൾ ശേഖരിക്കൽ<br>• ചരിത്രപുസ്തകവായന<br>• പുസ്തകങ്ങൾ പത്രക്കുറിപ്പുകൾ മുതിർന്നവരിൽ നിന്നുള്ള അറിവുകളുടെ ശേഖരണം | യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ സയമബന്ധിതമായി നടത്തുന്നു. | അധ്യാപകർ<br>കുട്ടികൾ |
| 9. | സാമൂഹ്യശാസ്ത്രം പ്രായോഗിക തലത്തിൽ എത്തിക്കുക | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ചില മാതൃകകൾ കുട്ടികലെക്കൊണ്ട് നിർമ്മിപ്പിക്കുന്നു (സ്റ്റിൽ മോഡൽസ് & വർക്കിംഗ് മോഡൽ)<br>• ഇവയുടെ പ്രദർശനം വിവരണം എന്നിവ കുട്ടികൾ നടത്തുന്നു.<br>• പ്രായോഗിക തലത്തിൽ ഇവയുടെ പ്രാധാന്യം വിവരിക്കൽ | ഓരോ യൂണിറ്റിന് അനുബന്ധമായി ദൂർഘകാലം | കുട്ടികൾ<br>അധ്യാപകർ |
| 10 | സ്ഥല നിർണ്ണയനൈപുണ്യം കുട്ടികളിൽ വളർത്തൽ | • പ്രാദേശിക ഭൂപടനിർമ്മാണം<br>• സ്കൂൾ ഭൂപട നിർമ്മാണം<br>• കേരളം, ഇന്ത്യ ഇവയുടെ ഭൂപടം കുട്ടി | | |

| | | | | |
|---|---|---|---|---|
| | | കളെക്കൊണ്ട് വരപ്പിയ്ക്കൽ | | |
| 11 | • പ്രകൃതിക്ഷോഭങ്ങളെ ക്കുറിച്ചുള്ള അറിവ് നേടുക<br>• കേരളത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതകളെക്കുറിച്ചുള്ള അറിവ് നേടൽ<br>• പ്രകൃതിക്ഷോഭങ്ങളും അവയുടെ കാരണങ്ങളും ചെറുത്ത് നില്പും | • കേരളത്തിലെ പ്രളയം -മാഗസിൻ തയ്യാറാക്കൽ<br>• പ്രളയബാധിതപ്രദേശങ്ങളുടെ കണ്ടെത്തൽ<br>• കാരണങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കൽ<br>• പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തൽ<br>• മുതിർന്നവരുമായുള്ള അഭിമുഖം | 1 വർഷം<br><br>സമയബന്ധിതമായി നടപ്പാക്കുന്നു. | എസ്.എസ്. ക്ലബ് മെമ്പേഴ്സ്<br><br>അധ്യാപകർ കുട്ടികൾ |
| 12 | • മൂല്യങ്ങൾ വളർത്തുക.<br>• ദേശീയബോധം കുട്ടികളിൽ വളർത്തുക. | • ദുരിതബാധിത മേഖലകളുടെ സന്ദർശനം<br>• ക്യാമ്പുകളിലേക്കുള്ള അവശ്യസാധനങ്ങളുടെ ശേഖരണം<br>• ഫീൽഡ് ട്രിപ്പുകൾ<br>• മൂല്യബോധം വളർത്താനുതകുന്ന ക്ലാസ്സുകൾ | സമയബന്ധിതമായി നടപ്പിലാക്കുന്നു.<br><br>വർഷത്തിൽ ഒരിക്കൽ | അധ്യാപകർ, പി.റ്റി.എ കുട്ടികൾ |
| 13 | • ചരിത്രബോധം കുട്ടികളിൽ വളർത്തുക.<br>• ചരിത്രപഠനത്തിന് ആധുനിക ജീവിതവുമായിട്ടുള്ള ബന്ധം | • യൂണിറ്റുമായി ബന്ധപ്പെട്ട ചരിത്രകലണ്ടർ നിർമ്മാണം.<br>• ടൈം ടേബിൾ ചാർട്ടുകളുടെ നിർമ്മാണം<br>• ചരിത്രസംഭവങ്ങളുടെ ചിത്രങ്ങൾ, കുറിപ്പുകൾ, വീഡിയോസ് എന്നിവയുടെ ശേഖരണവും പ്രദർശനവും<br>• ചരിത്രവുമായി ബന്ധപ്പെടുത്തി ആധുനിക ജീവിതത്തിതലുണ്ടായ മാറ്റങ്ങൾ കുട്ടികൾ കണ്ടെത്തുക. | 1 വർഷം<br><br>യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തുന്നു | അധ്യാപകർ<br><br>കുട്ടികൾ |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ആമുഖം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസ ത്തിന് വളരെ അധികം പ്രാധാന്യമുണ്ട്. കുട്ടിയുടെ ശാരീരികകവും മാനസികവും സാമൂഹികവുമായ വൈകാരികവുമായ വികാസത്തിന് കായികാഭ്യാസവും യോഗച ര്യകളും ചെയ്യുന്നതിന് പാഠ്യപദ്ധതി അവസരമൊരുക്കുന്നു. ഇതിനു പുറമെ കുട്ടിക ളുടെ ആരോഗ്യപ്രശ്നങ്ങൾ, ശാരിരിക വളർച്ച കൗമാര പ്രശ്നങ്ങൾ എന്നിവ സംബ ന്ധിച്ച അവബോധവും ആരോഗ്യകായിക വിദ്യഭ്യാസത്തിന്റെ ഭാഗമാണ്.

## ലക്ഷ്യങ്ങൾ

1. കഴിവിന്റെ മേഖലകളുടെ ലിസ്റ്റ് തയ്യാറാക്കൽ .
2. ഓരോ കുട്ടിയുടെയും താല്പര്യ മേഖലകൾ കണ്ടെത്തുക. (ക്ലാസ് അടിസ്ഥാ നത്തിൽ തരംതിരിച്ച് ക്രോഡീകരിക്കുക)
3. വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നതിന് കഴിവുള്ള പ്രാദേശിക വിദഗ്ധരുടെ ലിസ്റ്റ് തയ്യാറാക്കി സേവനം ലഭ്യമാക്കുക.
4. വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കായികസക്ഷ മത പരിശോധിക്കൽ.
5. എല്ലാ കുട്ടികൾക്കും അവസരം ലഭിക്കത്തക്കവിധം പ്രവർത്തന പദ്ധതി തയ്യാ റാക്കൽ.
6. ആവ്ശ്യമായ ഉപകരണങ്ങൽ ലിസ്റ്റ് ചെയ്യൽ.
7. സ്കൂൾ കോമ്പൗണ്ട് വിവിധ ക്ലാസുകളിലെ കുട്ടികളുടെ കായിക പരിശീലന ത്തിന് അനുഗുണമാക്കി മാറ്റൽ.
8. സ്കൂൾ ഒളിമ്പിക്സ് സംഘടിപ്പിക്കൽ.
9. കായിക പരിശീലനം എല്ലാ ക്ലാസുകാർക്കും എല്ലാ ആഴ്ചയിലും ഓരോ മാസത്തിലും പുതിയ ഇനങ്ങൾ.
10. കിഡ്സ് അതല്റ്റിക്സ് സംഘടിപ്പിക്കൽ.
11. കൂട്ടു വിദ്യാലയവുമായുള്ള സൗഹൃദമത്സരം സംഘടിപ്പിക്കൽ.

# ആരോഗ്യ കായിക വിദ്യാഭ്യാസം

**പ്രശ്നങ്ങൾ**

**അക്കാദമികം**

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.
2. കായിക  ക്ഷമതാ പ്രവർത്തനങ്ങൾ എല്ലാ ക്ലാസ്സിലും ഫലപ്രദമായി നടപ്പാക്കുന്നതിന് അനുവദിച്ച പീരിഡ് അപര്യാപ്തമാണ്.
3. വൈവിധ്യമാർന്ന കായിക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുവാൻ വേണ്ടത്ര പരിശീലകർ ഇല്ല.
4. കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും വിദ്യാർത്ഥികളും രക്ഷിതാക്കളും സമൂഹവും പൂർണ്ണമായി തിരിച്ചറിഞ്ഞിട്ടില്ല.
5. കായിക വിദ്യാഭ്യാസത്തിന്റെ പീരീഡുകൾ ക്രമീകരിക്കുന്നതിൽ പരിമിതികൾ ഉണ്ട്.
6. ഓരോ കുട്ടികൾക്കും ആവശ്യമായ പോഷകാഹാരം നിർണ്ണയിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭിക്കുന്നില്ല.

**ഭൗതികം**

1. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യമില്ല.
2. ഫുട്ബോൾ, ഹോക്കി എന്നീകളികൾക്ക് അനുയോജ്യമായ ടർഫ് സൗകര്യമില്ല.
3. കുട്ടകൃൾക്ക് കായിക പ്രവർത്തനങ്ങൾക്ക് ഏർപ്പെടുന്നതിനു മുൻപും, ശേഷവും വസ്ത്രം മാറുന്നതിനും ശരീരം ശുദ്ധമാക്കുന്നതിനും സൗകര്യമില്ല.
4. ജംപിങ് പിറ്റ് (ട്രിപ്പിൾ ജംപ്, ലോങ് ജംപ്, ഹൈ ജംപ് എന്നിവയ്ക്കുള്ള ജംപിങ് മാറ്റ് എന്നിവ ഇല്ല.
5. പോഷകാഹാരം കുട്ടികളുടെ ആവശ്യം പരിഗണിച്ച് ലഭ്യമാകുന്നില്ല.

6. കായിക പഠനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ ഇല്ല.

**സാമൂഹികം**

1. നമ്മുടെ പ്രദേശത്തെ കായിക പ്രതിഭകളുടെ സേവനം വിദ്യാലയത്തിന് ലഭിക്കുന്നില്ല.
2. പ്രാഥമിക വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എത്തിക്കുന്നതിനുള്ള പരിപാടികൾ ഇല്ല.

**കായിക പരിശീലനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ശേഷിവിലയിരുത്തി, കായിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | ക്ലാസ്സ് സമയത്തെ പ്രവർത്തനം കൂടാതെ മറ്റ് സമയം കണ്ടെത്തി കായിക പരിശീലനം കുട്ടികൾക്ക് നൽകുന്നു. വൈകുന്നേരം പരിശീലന ദിവസങ്ങളിൽ ലഘു ഭക്ഷണം നൽകുന്നു. | ആഴ്ചയിൽ 3 ദിവസം | പി.ടി.എ. കായിക അദ്ധ്യാപകർ മറ്റ് ക്ലബ്ബ് ഭാരവാഹികൾ | സ്പോൺസർഷിപ്പിലെ ചിലവ് കണ്ടെത്തുന്നു. |
| അവാർഡ് /സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തലം ഉപജില്ലാതലം ജില്ലാതലം സംസ്ഥാനം, ദേശീയതലം വിജയികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. | ഓരോ തലത്തിലെയും മത്സരങ്ങൾക്കു ശേഷം | എച്ച്. എം.കായികാദ്ധ്യാപകൻ, പി.ടി.എ. | സ്പോൺ സർഷിപ്പ് |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | കുട്ടികൾക്ക് യോഗാക്ലാസ്സും രക്ഷിതാക്കൾക്ക് യോഗബോധവൽക്കരണ ക്ലാസ്സും | ആഴ്ചയിൽ 2 ദിവസം കുട്ടികൾക്ക് യോഗ 6 മാസത്തിൽ ഒന്ന് രക്ഷിതാക്കൾക്ക് | കായികാദ്ധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ പരിചയപ്പെടുത്താൻ പരിശീലനം | കായികക്ഷമത വർദ്ധിപ്പിക്കുന്നതിനയി ഫിറ്റ്നസ്സ് സെന്റർ തയ്യാറാക്കൽ വിവിധ കായിക ഇനങ്ങളുടെ പരശീലനം വിവിധ ക്ലബ്ബുകൾ തമ്മിലുള്ള മത്സരങ്ങൾ ഹൗസ്തല മത്സരങ്ങൾ | നിരന്തരതം മാസത്തിൽ ഒന്ന് | കായികാദ്ധ്യാപകൻ | |
| സർഗ്ഗശേഷി വികസനം | ആരോഗിക കായിക് പരിശീലനം നേടിയ കുട്ടികൾ പൊതുജനങ്ങൾക്കായി അവതരിപ്പിക്കുന്നു. വിനോദപ്രദമായ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് മൂന്ന് പ്രാവശ്യം | കായിക അദ്ധ്യാപകർ | |
| പ്രാഥമിക ശുശ്രൂഷ | വിവിധ മേഖകളിലുണ്ടാകുന്ന അപകടങ്ങൾക്ക് നൽകുന്ന ഫസ്റ്റ് എയിഡ് ബോധവൽക്കരണം | സ്ഥിരമായ പരിശീലനം | സ്ഥിരമായ പരിശീലനം | |
| വിവിധ മേജർ ഗെയിമുകളെക്കുറിച്ചുള്ള അവബോധം/ നൈപുണ്യം | വിവിധ ഗെയിമുകളുടെ സ്കിൽ ഡെവലെപ്മെന്റ് ട്രെയിനിങ്ങ് മത്സരങ്ങൾ സംഘടിപ്പിക്കുക | നിരന്തരമായ പ്രവർത്തനങ്ങൾ | കായിക അദ്ധ്യാപകർ | |
| സ്റ്റേറ്റ്, ലനാഷണൽ, ഡിസ്ട്രിക്ട്, മത്സരങ്ങൾക്ക് വേണ്ടിയുള്ള ഒരുക്കൽ | വർഷം മുവളവൻ നീണ്ടനിൽക്കുന്ന നിരന്തരം പരിശീലനം | രാവിലെയും വൈകിട്ടും നിരന്തര കോച്ചിങ്ങ് | കായിക അദ്ധ്യാപകർ | 10000 പി.ടി.എ. |
| നേട്ടങ്ങൾ വിലയിരുത്തൽ | സമ്പൂർണ്ണ കായികക്ഷമതാ ടെസ്റ്റ് | ഒരു മാസം | കായിക അദ്ധ്യാപകർ | |
| പാഠഭാഗങ്ങൾ ഉൾക്കൊണ്ടു | പാഠഭാഗങ്ങളെ ആസ്പദമാക്കി | നിരന്തരം | കായിക അദ്ധ്യാ | |

| | | | | |
|---|---|---|---|---|
| കൊണ്ട് ഉറപ്പുവരു ത്തുന്നു. | യുള്ള മൈനർ പ്രവർത്തനങ്ങളും | | പകർ | |

# പ്രവൃത്തിപരിചയ പഠനം

### ആമുഖം

ശാസ്ത്രീയ ചിന്തയുടെയും യുക്തിനിരീക്ഷണത്തിന്റെയും സാധ്യതകൾ അനവധിയുള്ള സവിശേഷ പഠനമേഖലയാണ് പ്രവൃത്തി പരിചയ പഠനം. കുട്ടികളിലെ വൈകാരികും വൈജ്ഞാനികവുമായ മേഖലകളുടെ വികാസത്തിന് പ്രവൃത്തിയിലൂടെയുള്ള പഠനം അനിവാര്യമാണ്. ഓരോ പ്രവൃത്തി പഠനക്ലസിന്റെയും അടിസ്ഥാനം കുട്ടിയുടെ തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും തൊഴിൽ ചെയ്യുന്നവരെ ബഹുമാനിക്കുന്നതിനും സാമൂഹ്യബോധമുള്ള പുതിയ തൊഴിൽ സംസ്കാരതിന്റെ വക്താക്കളായി വളരുന്നതിനും അവരെ സഹായിക്കുകയും അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ്. ഇതാണ് പ്രവൃത്തി പഠനക്ലാസ്സിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

### ലക്ഷ്യം

പ്രവൃത്തി പഠനക്ലാസ്സിലൂടെ കുട്ടികളുടെ തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനോടൊപ്പം തന്നെ അവരെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന കുട്ടി എന്തെങ്കിലും ഒരു തൊഴിൽ പഠിച്ച്, പുറത്തിറങ്ങണം എന്നതാണ് പ്രവൃത്തി പഠനത്തിന്റെ  മുഖ്യലക്ഷ്യം. ഇതിലൂടെ മാനവശേഷി വികസനം, ദേശീയ പുരോഗതി, തൊഴിൽ സന്നദ്ധത, ഉൽപാദന രംഗത്തെ സ്വാശ്രയത്വം, സന്തുലിത വ്യക്തിവികസനം മുതലായ മൂല്യങ്ങൾ ഉള്ളവരായി മാറ്റി  എടുക്കുന്നതിന്.

### പ്രശ്നങ്ങൾ

- പ്രവൃത്തി പഠനത്തിന് അധ്യാപകർക്ക് നൽകിയിരിക്കുന്ന ഹാൻഡ് ബുക്ക് മാത്രമേ ഇപ്പോൾ നിലവിലുള്ളൂ, എല്ലാ ക്ലാസ്സിനും (കുട്ടികൾക്ക്) പഠിക്കുവാനും പഠിപ്പിക്കുവാനും പുസ്തകവും ആവശ്യമാണ്.
- എല്ലാ സ്കൂളുകളിലും ഒരു പ്രവൃത്തി പഠന ലാബ് ആവശ്യമാണ്.

- പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം തന്നെ കുട്ടികൾക്ക് അവരുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായി പ്രവര്‍ത്തന സാധനസാമ ഗ്രികളും ലഭ്യമാക്കണം (പഠനോപകരണങ്ങൾ)
- ഇതിനു പുറമേ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് വേദികൾ ഒരു ക്കിക്കൊടുക്കണം.

**പരിഹാരങ്ങൾ**

- പ്രവൃത്തി പഠനത്തിന് ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കുക.
- പ്രവൃത്തി പഠനത്തിന് ആവശ്യമായ ലാബ് നിർമ്മിച്ചു നൽകുക.
- കുട്ടികൾ നിമ്മിക്കുന്ന വസ്തുക്കൾ പ്രദർശിപ്പിക്കുകയും സ്കൂളിൽ തന്നെ അത് വിറ്റഴിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടികൾക്ക് ആവസശ്യമായ പഠനോപകരണങ്ങൾ പുസ്തകത്തോടൊപ്പം തന്നെ നൽകുകയും ചെയ്യുക.

| | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1. | ആഹാരവും കൃഷിയും ഈ മേഖലയെ പരിചയപ്പെടുത്തുന്നു | ആഴ്ചയിൽ ഒരുപീരിയഡ് വീതം ഒരു മാസം | 5–10 | കൃഷിയോടുള്ള താല്പര്യംവർദ്ധിപ്പിക്കുക. പാചകത്തിലുള്ള അഭിരുചി വളർത്തുന്നു. |
| 2. | പ്രവൃത്തി പഠനക്ലബ് രൂപീകരിക്കുന്നു. | ഒരു പീരിയഡ്, വർക്ക് എഡ്യൂക്കേഷൻ ക്ലബ് രൂപീകരണത്തിലൂടെ കുട്ടികൾക്ക് വിവിധ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. | 5–10 | മത്സരങ്ങൾക്ക് തയ്യാറാക്കുന്നു. മേളകളിൽ പങ്കെടുപ്പിക്കുന്നതിനായി വിവിധ മത്സര ഇനങ്ങളിൽ പരിശീലനം നൽകുന്നു. |
| 3. | ആരോഗ്യവും ആരോഗ്യപരിപാലനവും | 4 പീരീയഡ്, മഴക്കാല രോഗങ്ങൾ, പ്രതിവിധി | 5–10 | ആരോഗ്യ മേഖലയിൽ കുട്ടികൾക്ക് ബോധവൽക്കരണം നടത്തുക. മഴക്കാല രോഗങ്ങൾ പരത്തുന്ന കൊതുക് നിവാരണം, ക്ലോറിനേഷൻ തുടങ്ങിയവ മനസ്സിലാക്കുന്നു. |
| 4. | വസ്ത്ര നിർമ്മാണം | ഒരുമാസം (4 പീരിയഡ്) | 5–10 | സ്വന്തമായി വസ്ത്രങ്ങൾ നിർമിക്കുവാൻ |

| | | | | |
|---|---|---|---|---|
| | | വസ്ത്ര നിർമാണത്തി ലുള്ള വൈവിധ്യം | | പ്രാപ്തരാക്കുന്നു. വസ്ത്രം മോടിപിടിപ്പി ക്കുവാൻ വിവിധ തരം അലങ്കാര തുന്നലു കൾ പരിശീലിപ്പിക്കു ന്നു. |
| 5. | വിനോദം | 4 പീരിയഡ് പ്രകൃതി ദത്ത വസ്തുക്കൾ ഉപ യോഗിച്ച് അലങ്കാരവ സ്തുക്കളും, കൗതുക വസ്തുക്കളും നിർമ്മി ക്കുന്നു. | 5–10 | പ്രകൃതിദത്ത വസ്തു ക്കൾ ഉപയോഗിച്ച് കുട്ടികളെ കൗതുക വസ്തുക്കൽ നിർമ്മി ക്കൻ പ്രാപ്തരാക്കു ന്നു. ഇതിലൂടെ കുട്ടി കൾക്ക് മാനസികോ ല്ലാസവും വിനോ ദവും നൽകുന്നു. |
| 6. | സേവനം, ഉപയോഗ യോഗ്യമായ വസ്തുക്ക ളുടെ നിർമ്മാണം | 4 പീരിയഡ്, വീടുക ളിൽഉപയോഗിക്കാ വുന്ന വസ്തുക്കളെ പ്പറ്റി ചർച്ച | 5–10 | വീട്ടിൽ ഉപയോഗിക്കാ വുന്ന ചട്ടുകം, ട്രേ മുതലായവ മെറ്റൽ ഷീറ്റ് വച്ച് ഉണ്ടാക്കി യെടുക്കുന്നു. |
| 7. | പ്രദർശനവും, വില്പ നയും | 1 ദിവസം കുട്ടികളുടെ സർഗവാസനകൾ പ്രദർശിപ്പിക്കുവാനും അതിൽ നിന്ന് ചെറി യ വരുമാനം ഉണ്ടാ ക്കുവാനും സഹായി ക്കുന്നു. | 5–10 | കുട്ടികൾ നിർമ്മി ക്കുന്ന ഉല്പന്നങ്ങ ളുട ഒരു പ്രദർശനം നടത്തുന്നതോടൊപ്പം അത് സ്കൂളിൽ തന്നെ വിറ്റഴിക്കുന്നതു വഴി അവരെ ഉല്പാദ കരും, വിതരണക്കരും സ്വീകർത്താവും ആക്കുവാൻ സഹായി ക്കുന്നു. ഇതിൽ നിന്നും ലഭിക്കുന്ന ചെറിയവരുമാനം അവർക്ക് സമ്പാദ്യ ശീലം വളർത്തുവാനം സഹായകമാകുന്നു. |

# കലാ വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ സർവ്വോന്മുഖമായ കഴിവുകളെ വളർത്തിയെടുക്കുന്നതിനും മനസ്സിലെ മാലിന്യങ്ങളെയെല്ലാം തുടച്ചു നീക്കി സാഹോദര്യവും സൗഹാർദ്ദവും വളർത്തി ഒരു പുതുജീവൻ നൽകാൻ കല നമ്മെ സഹായിക്കുന്നു. ഇന്ന് ലോകത്തിൽ മ്യൂസിക്ക് തെറാപ്പിക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഓപ്പഷേൻ തീയേറ്ററുകളിൽ വരെ ഇന്ന് സംഗീതം കേൾപ്പിക്കുന്നു. ഫാമുകളിൽ പശുക്കളെ സംഗീതം കേൾപ്പിച്ചതു വഴി ധാരാളം പാൽ ചുരത്തിയതായി നാം പത്രത്തിൽ വായിച്ചിട്ടുണ്ട്. ചുരുക്കത്തിൽ സകലജീവജാജലങ്ങളുടെയും പ്രാണവായുവാണ് കല.

**പ്രവർത്തനങ്ങൾ**

| | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1. | വിവിധങ്ങളായ സംഗീത രൂപങ്ങൽ കുട്ടികളെ കേൾപ്പിക്കുന്നു. | 6 മാസം ആഴ്ചയിൽ ഒന്ന് | 5–10 | • സംഗീതാഭിരുചി വർദ്ധിപ്പിക്കുക.<br>• വിവിധ സംഗീത രൂപങ്ങൾ തിരിച്ചറിയാൻ പഠിക്കുക. |
| 2. | പ്രാചീന നാടൻ കലാ രൂപങ്ങളെക്കുറിച്ച് ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക. | വർഷത്തിൽ രണ്ടോ മൂന്നോ | 5–10 | വിവിധങ്ങളായ കലാ രൂപങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക. |
| 3. | വിവിധങ്ങളായ തുള്ളൽ രൂപങ്ങളെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കുക | വർഷത്തിൽ രണ്ട് | 5–10 | തുള്ളൽ രൂപങ്ങൾ പരിചയപ്പെടുത്തുക |
| 4. | ചിത്രരചന, കാർട്ടൂൺ, മത്സരങ്ങൾ, സംഘടിപ്പിക്കുക | മാസത്തിൽ രണ്ട് | 5–10 | • വാട്ടർകളർ, എണ്ണച്ചായം, എന്നിവ ചിത്രരചനിൽ ഉൾക്കൊള്ളിക്കുവാൻ കഴിവ് നേടുക.<br>• സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുക. |
| 5. | ദിനാചരണങ്ങളുടെയും കലോത്സവങ്ങളുടെയും ഭാഗമായി വ്യത്യസ്തങ്ങളായ മത്സരങ്ങൾ സംഘടിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | 5–10 | സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുകയും, അഭിരുചികളെ വളർത്തുകയും ചെയ്യുക. |

**പോരായ്മകൾ**

- കലയിൽ പ്രത്യേകം പരിശീലനം ലഭിച്ച അധ്യാപകരുട അഭാവം
- ഭൗതീക സാഹചര്യങ്ങളുടെ കുറവ്.
- സാമ്പത്തികമായ പിന്നോക്കാവസ്ഥ
- ഓഡിറ്റോറിയത്തിന്റെ അഭാവം

**പരിഹാരമാർഗ്ഗങ്ങൾ**

- കലാഭിരുചിയുള്ള മറ്റധ്യാപകരുടെ സേവനം ഉറപ്പാക്കുക
- പി.ടി.എ. മറ്റ് സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോട പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ടുപോവുക.
- ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളു ടേയും പൂർവ്വവിദ്യാർത്ഥികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ**

ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ അവർക്കായി പല പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. സി.ഡബ്ല്യൂ.എസ്.എൻ. കുട്ടികളെ ആർ.പി.ഡബ്ല്യൂ.എസ്.എൻ. ആക്ട് പ്രകാരം 21 തരം ഡിസെബിലിറ്റിയിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സഹപഠിതാവിനൊപ്പം വിദ്യലയ അനന്തരീക്ഷത്തിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും സേവനങ്ങലും ലഭിക്കാൻ ഓരോ സി.ഡബ്ല്യൂ.എസ്.എൻ. കുട്ടികൾക്കും അർഹതയുണ്ട്.

**ലക്ഷ്യങ്ങൾ**

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവും അക്കാദകമിക വുമായ പ്രശ്നങ്ങൾ കണ്ടെത്തി വിലയിരുത്തുകയും ചെയ്യുക.
2. വിദ്യാലയത്തിലെ ഭൗതീക സൗകര്യങ്ങൾ ഭിന്നശേഷിക്കാരെക്കൂടി പരിഗണി ച്ചുകൊണ്ടുള്ളതാക്കുക.
3. റിസോഴ്സ് മുറി, റിസോഴ്സ് ടീച്ചർ പഠനോപകരണങ്ങൾ എന്നിവ സജ്ജീകരി ക്കൽ.

**സർവ്വേ പ്രകാരം ലഭിച്ച കുട്ടികളുടെ കണക്ക്**

| ക്ലാസ്സ് | കാറ്റഗറി | | | | | |
|---|---|---|---|---|---|---|
| | ID | HI | LD | CP | LV | MD |
| V | | | 1 | | 1 | 1 |
| VI | | | | | | |
| VII | 1 | | | | | |
| VIII | 2 | | | | 1 | |
| IX | | | | 1 | | |
| X | 1 | | | | | 1 |
| Total | 4 | | 2 | 1 | 2 | 1 |

**പ്രവർത്തനങ്ങൾ**

1. മെഡിക്കൽ സേവനങ്ങൾ ആവശ്യമുള്ള കുട്ടികളെ റഫർ ചെയ്തു. പേരന്റൽ കൗൺസിലിംഗ് ലഭ്യമാക്കി. ബുദ്ധിപരിമിതിയുള്ള കുട്ടികൾക്ക് മെഡിക്കൽ ടീച്ചിംഗ് നൽകി വരുന്നു.
2. ബി.ആർ.സി. സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനം ആഴ്ചയിൽ ഒരുദിവസം ലഭിക്കുന്നുണ്ട്.
3. കഴിഞ്ഞ അധ്യയന വർഷം കേൾവി കുറവുള്ള കുട്ടികൾക്ക് ഹിയറിംഗ് എയ്ഡ് ബി.ആർ.സി.യിൽനിന്ന് ലഭിച്ചു.
4. ഒ.എച്ച്. ഉപകരണങ്ങൾ, കണ്ണടകൾ എന്നിവ കുട്ടികൾക്ക് ബി.ആർ.സി.യിൽ നിന്ന് ലഭ്യമാക്കുന്നു.
5. എ.ഇ.ഒ. ഗ്രാന്റ്, ട്രാൻസ്പോർട്ട് അലവൻസ് എന്നിവയും കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്.
6. എസ്എസ്എൽ.സി. സവിശേഷ സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്തുവരുന്നു.

**പോരായ്മകൾ**

1. സ്കൂളിന് റിസോഴ്സ്റൂം ഇല്ല.
2. പഠന വൈകല്യം ചെറിയ ക്ലാസുകളിൽ തിരിച്ചറിയപ്പെടുന്നില്ല.
3. സി.ഡബ്ല്യൂ.എസ്.എൻ. കുട്ടികൾ ലേബൽ ചെയ്യപ്പെടുന്നു.
4. സ്കൂളിന്റെ പ്രധാന കെട്ടിടത്തിന് റാംപ് സൗകര്യം ഇല്ല.

**ഗൈഡൻസ് & കൗൺസലിംഗ്**

പ്രശ്നസങ്കീർണ്ണമായ ഒരു ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. വ്യക്തിപരവും സാമൂഹികപരവുമായ കാര്യങ്ങൾ കൊണ്ട് മനസ്സ് കലുഷിതമാകുന്നു കുഞ്ഞുങ്ങൾക്ക് ആശ്വാസമേകി കൈത്താങ്ങാകേണ്ടത് അനിവാര്യമായിരിക്കുന്നു. മാതാപിതാക്കൾക്കിടയിലെ പ്രശ്നങ്ങൾ, പഠനത്തിലെ പിന്നോക്കാവസ്ഥ, കൗമാരപ്രായത്തിലെ ശാരീരികവും മനസീകവുമായ മാറ്റങ്ങൾ ഇവയെല്ലാം കുഞ്ഞുമനസ്സുകളെ തളർത്തുന്നു. ഇവിടെയെല്ലാം ആശ്വാസമേകി പ്രതീക്ഷയുടെ മറുകരയിൽ എത്തിച്ച് ജീവിതവിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്.

കുട്ടികളിലെ ഉത്കണ്ഠ, പഠനപ്രശ്നങ്ങൾ/തകരാറുകൾ, പെരുമാറ്റ പ്രശ്നങ്ങൾ, വ്യക്തിത്വ വൈകല്യങ്ങൽ, എന്നിവ കൗൺസിലിംഗിലൂടെ പരിഹരിക്കപ്പെടേണ്ടതാണ്. ഇവ പരിഹരിക്കപ്പെടാതെ ഫലപ്രദമായ പഠനാന്തരീക്ഷം വിദ്യാലയങ്ങളിലെ വീടുകളിലും ഉറപ്പാക്കാൻ കഴിയില്ല. അതുപോലെ തന്നെ ചില ഘട്ടങ്ങളിൽ രക്ഷിതാക്കൾക്കും കൗൺസിലിംഗ് ആവശ്യമായി വരുന്നു. ഡിവോഴ്സിന്റെ വക്കിലെത്തിയ മാതാപിതാക്കൽ സ്കൂളിലെ പലകുട്ടികളുടെയും തോരാകണ്ണീരാണ്. അതിനാൽ ഈ പ്രശ്നങ്ങളും കൗൺസിലിംഗ് നൽകി പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു.

കൂടാത ഉപരിപഠന സാധ്യതകൾ, ജോലിസാധ്യതകൾ, കുട്ടിയുടെ താല്പര്യമേഖല എന്നിവ കണ്ടെത്താനും കൗൺസിലിംഗ് അനിവാര്യമാണ്. ഈ വിദ്യാലയത്തിൽ ഗൈഡൻസിനും കൗൺസിലിംഗിനുമായി പ്രശസ്തകമായ ഒരു കൗൺസിലറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യു.പി. തലത്തിലും ഹൈസ്കൂൾ തലത്തിലും കൗൺസിലിംഗ് ചാർജ്ജുള്ള പ്രത്യേക അധ്യാപകരുണ്ട്, കൂടാതെ വിദ്യാലയത്തിൽ സേവനം ചെയ്യുന്ന രണ്ട് സിസ്റ്റർമാരുടെ സേവനവും ഈ മേഖലയിൽ ലഭ്യമാക്കിയിട്ടുണ്ട്.

**പുതിയ ലക്ഷ്യങ്ങൾ**

- രക്ഷിതാക്കൾക്ക് പാരന്റിംഗ് ക്ലാസ് നൽകുക.
- കുട്ടികൾക്ക് വൈകാരിക പിന്തുണ നൽകുന്നതിൽ അധ്യാപകർക്ക് പരിശീലനം നൽകുക.
- വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധം ഉളവാക്കുന്നതിനുള്ള മോട്ടിവേഷൻ ക്ലാസ് നൽകുക.
- കരിയൽ ഗൈഡൻസ് നൽകുക.
- കൗരമാരക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്ലാസ് നൽകുക.

## പ്രോജക്ട് 2022-2027

| നമ്പർ | പ്രോജക്ട് | കാല ദൈർഘ്യം | ഉദ്ദേശിക്കുന്ന തുക | സാമ്പത്തികസ്രോതസ്സ് |
|---|---|---|---|---|
| 1 | സയൻസ് ലാബ്, ലൈബ്രറി നവീകരണം | 2022-2024 | 50000 | പൂർവ്വവിദ്യാർത്ഥികൾ, വിരമിച്ച അധ്യാപകർ |
| 2 | യു.പി. ക്ലാസ് മുറികൾ സ്മാർട്ട് റൂമുകൾ ആക്കി മാറ്റൽ | 2022-2024 | 200000 | സ്കൂൾ വികസന ഫണ്ട് |
| 3 | ഐ.ടി.ലാബ് നവീകരണം | 2022-2024 | 100000 | എം.എൽ.എ. ഫണ്ട് |
| 4 | കിച്ചൻ ബ്ലോക്ക് | 2022-2024 | 400000 | എം.എൽ.എ.ഫണ്ട് |
| 5 | യു.പി. ക്ലാസ് മുറികളിൽ വൈറ്റ് ബോർഡ് | 2022-2024 | 40000 | പഞ്ചായത്ത് |
| 6 | റിസോഴ്സ് റൂം | 2022-2024 | 200000 | പൂർവ്വവിദ്യാർത്ഥികൾ |

# ഉപസംഹാരം

കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസിരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. അതുകൊണ്ടുതന്നെ കാലോചിതമായ പരിഷ്കരണങ്ങൾ അനിവാര്യമാകുന്നു. അധ്യാപനവും അധ്യയനവും ചേരുന്നതാണ് വിദ്യാഭ്യാസം. സാങ്കേതിക വിദ്യയുടെയും സമ്പ്രദായങ്ങലുടെയും സമന്വയത്തിലൂടെ അടുത്ത സതലമുറയെ സാമൂഹിക ബോധമുള്ള പൗരരും മെച്ചപ്പെട്ടമനുഷ്യരുമായി വാർത്തെടുക്കുന്നതിനുള്ള ശ്രമമാണിത്.

പഠന ബോധന പ്രവർത്തനങ്ങളിൽ സാമൂഹിക സാമ്പത്തിക സാംസ്കാരിക വ്യത്യാസങ്ങളില്ലാതെ ഭിന്നശേഷിക്കാരായ കുട്ടികളെക്കൂടി ഉൾക്കൊള്ളുന്ന രീതിയിൽ അനുഭവങ്ങൾ പകരുന്ന ഒരു പഠനരീതി ആയിരിക്കും ആവിഷ്കരിക്കുക. ഭൗതിക സാഹചര്യങ്ങൾ ഒരു സമഗ്രവിദ്യാലയ വികസന പദ്ധതിയിലുൾപ്പെടുത്തി 5 വർഷത്തിനകം പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. ഇതിനായി പൊതുസമൂഹത്തിന്റയും പി.ടി.എ.യുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.